# താമരമൊട്ടുകൾ

വാല്യം 23 | ഒക്ടോബർ 2021 | ലക്കം 10 | Price ₹ 20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ഒക്ടോബർ 2021 ലക്കം 10

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ്
കല്പിച്ചതുപോലെ പ്രവർത്തിച്ചു."
(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 627 |
| 2. | പ്രോഗ്രാം ഒക്ടോബർ 2021 | 630 |
| 3. | സർക്കുലർ 14/2021 | 631 |
| 4. | ലോകമിഷൻ ഞായർ 2021 | 634 |
| 5. | ഇടയലേഖനം | 641 |
| 6. | കച്ചേരിക്കാര്യം | 647 |
| 7. | വിശ്വാസപരിശീലനം | 649 |
| 8. | ചെറുപുഷ്പ മിഷൻലീഗ് | 652 |
| 9. | തിരുബാലസഖ്യം | 657 |
| 10. | ലിറ്റർജി കമ്മീഷൻ | 658 |
| 11. | വിദ്യാഭ്യാസം | 659 |
| 12. | സ്റ്റാർട്ട് | 660 |
| 13. | അൽഫോൻസ കോളേജ് | 661 |
| 14. | പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 663 |
| 15. | ആൽഫ മരിയ അക്കാദമി | 665 |
| 16. | GiFT COCHIN | 665 |
| 17. | മാതൃവേദി | 666 |
| 18. | കുടുംബ പ്രേഷിതത്വം | 667 |
| 19. | കെ.സി.വൈ.എം | 668 |
| 20. | ഇൻഫാം | 670 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 672 |
| 22. | യേശുനിധി | 674 |
| 23. | അജപാലനക്കുറിപ്പുകൾ | 679 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Anthinattu Joseph | October | 4 |
| Puthiyaparambil Sebastian | | 4 |
| Thadathil Mathew | | 4 |
| Mangarayil Scaria | | 5 |
| Onayathumkuzhy Mathew | | 17 |
| Chakkittamuriyil Thomas (Jr) | | 12 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Panachickal Mathew | | 24 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Asariparambil George | | 30 |
| Chembuthoockil Mathew | | 30 |

# Feast Day Greetings


Mar Remigiose Inchananiyil

| | | |
|---|---|---|
| **Bp. Mar** | **Remigiose Inchananiyil** | **October 1** |
| Rev. Fathers | | |
| | Kallikatt Francis | 4 |
| | Kochumundanmalayil Francis | 4 |
| | Naduvathettu Francis | 4 |
| | Puthiyedath Francis | 4 |
| | Vellamackal Francis | 4 |
| | Kavilpurayidathil Abraham | 9 |
| | Kochilath Abraham | 9 |
| | Mazhuvanchery Abraham | 9 |
| | Pulinchuvattil Abraham | 9 |
| | Srambickal Abraham | 9 |
| | Valloppilly Abraham | 9 |
| | Vayalil Abraham | 9 |
| | Kavil Rony Paul | 27 |

**Mar Remigiose Inchananiyil**

## നാമഹേതുക
# തിരുനാളാശംസകൾ



ഒക്ടോബർ 1ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!

# പ്രോഗ്രാം ഒക്ടോബർ 2021

| | | |
|---|---|---|
| 01 | വെള്ളി | **വി. കൊച്ചുത്രേസ്യ, വി. റെമീജിയൂസ്, രൂപതാദ്ധ്യക്ഷന്റെ നാമഹേതുകതിരുനാൾ** |
| 02 | ശനി | **കാവൽമാലാഖ** |
| 03 | ഞായർ | **വി. ഫ്രാൻസിസ് അസ്സീസി** |
| 04 | തിങ്കൾ | ചരമദിനം: ഫാ. ജെയിംസ് മുണ്ടക്കൽ (2014) |
| 07 | വ്യാഴം | ചരമദിനം: ഫാ. മാണി കണ്ടനാട്ട് (2018) |
| 15 | വെള്ളി | **ആവിലായിലെ വി. ത്രേസ്യ** |
| 16 | ശനി | **വാ. കുഞ്ഞച്ചൻ** |
| 17 | ഞായർ | **മിഷൻ ഞായർ, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്** |
| 18 | തിങ്കൾ | **വി. ലൂക്കാ സുവിശേഷകൻ** |
| 22 | വെള്ളി | **വി. ജോൺ പോൾ രണ്ടാമൻ** |
| 28 | വ്യാഴം | **ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ** |



*St. Joseph, Pray for us*

സർക്കുലർ 14/2021

# ജപമാല മാസം

മിശിഹായിൽ സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഒക്ടോബർ മാസം ജപമാല മാസമായിട്ടാണല്ലോ നാം ആചരിക്കുന്നത്. നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തെ സവിശേഷമായി സ്മരിച്ചുകൊണ്ട് ജപമാല രാജ്ഞിയുടെ തിരുനാളിനൊരുക്കമായി നടത്തുന്ന കൊന്ത നമസ്ക്കാരം നമ്മുടെ ആത്മീയ ജീവിതത്തിന് അടിത്തറയാകുവാൻ എത്രമാത്രം കാരണമായിട്ടുണ്ട് എന്ന് പറയേണ്ടതില്ലല്ലോ. ഈയൊരു മാസം പരി. അമ്മയ്ക്ക് പൂർണ്ണമായും സമർപ്പിച്ചുകൊണ്ട് വ്യക്തിപരമായും കുടുംബാംഗങ്ങൾ ഒരുമിച്ചും, കോവിഡ് മാനദനണ്ഡങ്ങൾ പാലിച്ചുകൊണ്ട്, കുടുംബകൂട്ടായ്മകളിലും ഇടവക ദൈവാലയത്തിലും ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടണമെന്ന കാര്യം എല്ലാവരേയും ഞാൻ ഓർമ്മിപ്പിക്കുന്നു.

“സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും” എന്നത് പരി. അമ്മതന്നെ പരിശുദ്ധാത്മാവിനാൽ പ്രചോദിതയായി പ്രവചിച്ചതാണ്. ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഇന്ന് ലോകമെമ്പാടും നമ്മൾ കാണുന്ന മരിയഭക്തി. രക്ഷാകരചരിത്രത്തിൽ പരി. മറിയം എത്രത്തോളം പങ്കുചേർന്നു എന്നതിന്റെ നേർസാക്ഷ്യമാണത്. കുടുംബങ്ങളിലും ദൈവാലയങ്ങളിലും ആഘോഷമായി സംഘടിപ്പിക്കപ്പെടുന്ന ജപമാല സമർപ്പണങ്ങൾ ഈ മരിയ ഭക്തിയുടെ പ്രത്യേകതയാണ്.

ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയാണല്ലോ ജപമാല. മംഗളവാർത്ത മുതൽ അവിടുത്തെ പീഢാസഹനവും മരണവും ഉത്ഥാനവും പരി. അമ്മയുടെ കിരീടധാരണംവരെയുള്ള രക്ഷാകര സംഭവങ്ങളുമാണല്ലോ ജപമാലയിൽ നാം ധ്യാനവിഷയമാക്കുന്നത്. ജപമാലയെക്കുറിച്ച് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറയുന്നുണ്ട്: “ശരിയായി പ്രാർത്ഥിച്ചാൽ കൊന്തനമസ്ക്കാരം ഒരു യഥാർത്ഥ ആദ്ധ്യാത്മിക യാത്രയായിത്തീരും; അതിൽ മറിയം അമ്മയും അധ്യാപികയും മാർഗ്ഗദർശിയുമായിരിക്കുന്നു. തന്റെ സുശക്തമായ മാദ്ധ്യസ്ഥ്യംവഴി അവൾ വിശ്വാസികളെ താങ്ങിനിർത്തുന്നു. ഈ പ്രാർത്ഥന കഴിയുമ്പോൾ, മറിയത്തിന്റെ മാതൃത്വത്തെ ആഴത്തിൽ അനുഭവിച്ചുകഴിയുമ്പോൾ, ക്രിസ്തുവിന്റെയും അവിടുത്തെ പരി. അമ്മയുടെയും രഹസ്യങ്ങളുമായി സജീവ

ബന്ധത്തിലേക്ക് വിശ്വാസികളെ എത്തിക്കുന്ന ഒരു ആദ്ധ്യാത്മിക യാത്രയുടെ മുടിചൂടൽ നിമിഷമാണിത്" (ജപമാല).

നമുക്കറിയാവുന്നതുപോലെ നൂറ്റാണ്ടുകൾക്കൊണ്ട് രൂപപ്പെട്ടതാണ് ഇന്നത്തെ രീതിയിലുള്ള കൊന്തനമസ്ക്കാരം. വി. ഡൊമിനിക്കിന് പരി. അമ്മ വെളിപ്പെടുത്തിക്കൊടുത്ത ഈ ഭക്താഭ്യാസം അനുദിനം വിശ്വാസികളുടെ ആത്മീയ ജീവിതത്തിന്റെ വളർച്ചയുടെ ഭാഗമായി എന്നതുതന്നെയാണ് ജപമാല ഭക്തി ഒരു ദൈവിക ഇടപെടലിന്റെ ഫലമാണ് എന്ന് വിശ്വസിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

കഴിഞ്ഞ 100 വർഷത്തിനിടയിൽ നടന്ന മുന്നോറോളം മരിയൻ ദർശനങ്ങളിൽ മാതാവ് ആവർത്തിച്ച് ആവശ്യപ്പെട്ടത് ഒരേയൊരു കാര്യം മാത്രമായിരുന്നു. കഠിനപാപികളുടെ മാസാന്തരത്തിനുവേണ്ടി ജപമാല ചൊല്ലുക. "ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാതിരിക്കുവാൻ ദൈവം വെളിപ്പെടുത്തിയ പ്രാർത്ഥനയാണത് എന്നത് നമുക്ക് മറക്കാതിരിക്കാം."

നമ്മുടെ മാതാപിതാക്കളുടെയും പൂർവ്വികരുടെയും ജീവിതം മാതൃഭക്തിയിൽ ആഴപ്പെട്ടതായിരുന്നുവെന്നതിൽ സംശയമില്ല. പ്രഭാതത്തിലും പ്രദോഷത്തിലും മുഴുവൻ സമയവും മുട്ടിന്മേൽനിന്ന് കരങ്ങൾ വിരിച്ചുപിടിച്ച് ജപമാലചൊല്ലി പ്രാർത്ഥിച്ചിരുന്ന നമ്മുടെ പ്രിയപ്പെട്ട മാതാപിതാക്കളുടെ മാതൃക നമുക്കും പിൻചെല്ലാം. ജപമാല കൈകളിലേന്തി, ജപമാല ചൊല്ലി വിശുദ്ധ കുർബാനയ്ക്ക് അണഞ്ഞിരുന്നവരും യാത്രയിലുടനീളം മാതാവിന്റെ മാദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിച്ചിരുന്നവരും എത്രയോ മനോഹരമായ മാതൃകയാണ് നമുക്ക് നൽകിയത്.

അടുത്ത നാളിൽ നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ട ഒരു കുടുംബനാഥന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വളരെ ദാരിദ്ര്യാവസ്ഥയിൽ കഴിഞ്ഞിരുന്ന കുടുംബം. ഇന്ന് മക്കളെല്ലാം നന്നായി പഠിച്ച് ഉന്നത സ്ഥാനങ്ങളിലെത്തി സാമ്പത്തികമായി വളരെ ഉയർന്നു. മക്കളിൽ ഒരാൾ എന്നോടു പറഞ്ഞു: ഞങ്ങളുടെ ചാച്ചന്റെ മരിയഭക്തിയാണ് ഞങ്ങളെ രക്ഷിച്ചത്. രാവിലെ 4.30 ന് ചാച്ചൻ ഉണർന്ന് മുട്ടിന്മേൽനിന്ന് ജപമാല ചൊല്ലും. രോഗാവസ്ഥയിൽ ആകുന്നതുവരെയും ചാച്ചൻ ഈ പതിവ് തുടർന്നിരുന്നു. ഇതുപോലുള്ള അനേകം മാതാപിതാക്കളുടെ ത്യാഗോജ്ജ്വലമായ ജീവിതവും ആത്മീയതയുമാണ് ഇന്നത്തെ തലമുറയുടെ മുതൽക്കൂട്ട്. ഈ ചൈതന്യം തലമുറകളിലേയ്ക്ക് പകരുവാൻ നമുക്കിന്ന് കടമയുണ്ട്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ "തനിക്ക്

ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയാണെന്നും, അത് വിസ്മയകരമായ പ്രാർത്ഥനയാണെന്നും" നമ്മെ ഓർമ്മിപ്പിക്കുന്നു.

1571 ലെ നിർണ്ണായകമായ ലെപ്പന്തോ യുദ്ധം വിജയിക്കുന്നതിനായി പീയൂസ് അഞ്ചാമൻ മാർപാപ്പ, ജപമാലചൊല്ലി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്തതും ഒക്ടോബർ 7-ാം തീയതി ജപമാല ചൊല്ലിക്കൊണ്ടിരുന്നപ്പോൾ യുദ്ധം വിജയിച്ച വാർത്ത വന്നതും ആ ദിവസം ജപമാലരാജ്ഞിയുടെ തിരുനാളായി പ്രഖ്യാപിച്ചതും തിരുസഭയുടെ ചരിത്രമാണ്. സമാനമായ അനേകം പ്രതിസന്ധികൾ അനുദിന ജീവിതത്തിലും തിരുസഭയിലും നാം ഇന്ന് അനുഭവിക്കുന്നുണ്ട്. തകരുന്ന കുടുംബബന്ധങ്ങളും ഭീകരാക്രമണ അന്തരീക്ഷങ്ങളും നമ്മെ അസ്വസ്ഥതപ്പെടുത്തുന്നുണ്ട്. വളരുന്ന മദ്യാസക്തിയും മയക്കുമരുന്നിന്റെ ഉപയോഗവും യുവതലമുറയുടെ വിശ്വാസത്യാഗവും നമ്മുടെ സമൂഹത്തെയും കുടുംബങ്ങളെയും സ്വാധീനിക്കുമ്പോൾ ജപമാല കരങ്ങളിലേന്തി പ്രാർത്ഥിക്കുന്ന ഒരു തലമുറയെ പരി. അമ്മ പ്രതീക്ഷിക്കുന്നുണ്ട്. അതിനാൽ ഈ ഒക്ടോബർ മാസം കൂടുതൽ തീക്ഷ്ണതയോടുകൂടി മാതൃസവിധേ നമുക്കണയാം. പ്രതിസന്ധികളും വേദനകളും പരി. അമ്മ എപ്രകാരം നേരിട്ടുവോ അതുപോലെ നേരിടുവാനും ഇതാ കർത്താവിന്റെ ദാസി എന്ന മനോഭാവത്തോടെ ജീവിക്കുവാനും മാതാവ് നമ്മെ സഹായിക്കും.

ഏവർക്കും നന്മനിറഞ്ഞ ദിവസങ്ങൾ ആശംസിക്കുന്നതോടൊപ്പം പരി. അമ്മയുടെ സംരക്ഷണം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. വി. മാക്സ്മില്യൺ കോൾബേ ഇപ്രകാരം പറയുന്നു; "മറിയത്തെ സ്നേഹിച്ചത് കൂടിപോയോ എന്ന് ഭയപ്പെടേണ്ടതില്ല. കാരണം നിങ്ങൾ എത്രമാത്രം മറിയത്തെ സ്നേഹിച്ചാലും ക്രിസ്തു അവളെ സ്നേഹിച്ചതുപോലെ നിങ്ങൾക്കൊരിക്കലും അവളെ സ്നേഹിക്കാനാകില്ല''.

ഒക്ടോബർമാസം ദൈവാലയത്തിൽ നടക്കുന്ന പത്തുദിവസത്തെ ജപമാലയിൽ കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് കുടുംബാംഗങ്ങളെല്ലാവരും സംബന്ധിക്കുന്നതോടൊപ്പം 10 ദിവസം കുടുംബ യൂണിറ്റിലെ വീടുകളിൽ ജപമാല നടത്തുന്നതും ഫലദായകമായിരിക്കും. കൂടാതെ 10 ദിവസം വീട്ടിൽ മാതാവിന്റെ രൂപം അലങ്കരിച്ച് പ്രത്യേകമായി ജപമാലചൊല്ലുന്നതും അനുകരണാർഹമാണ്. നമ്മുടെ രൂപതയുടെ ആത്മീയ നവീകരണകേന്ദ്രമായ ബഥാനിയായിൽ നടക്കുന്ന അഖണ്ഡജപമാലയിൽ ഒരു ദിവസമെങ്കിലും പങ്കെടുക്കുവാൻ എല്ലാവരും പരിശ്രമിക്കുമല്ലോ. അതോടൊപ്പം രൂപതാദ്ധ്യക്ഷനെന്ന നിലയിൽ എന്റെ അജപാലന ശുശ്രൂഷ കൃപയോടെ നിർവ്വഹിക്കുന്നതിനും

തിന്മയിൽനിന്നും അപകടങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുന്നതിനും വേണ്ടി പ്രാർത്ഥിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ജപമാലറാണിയായ പരിശുദ്ധ അമ്മ നിങ്ങളെ എല്ലാവരെയും സമൃദ്ധ മായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**താമരശ്ശേരി രൂപതയുടെ മെത്രാൻ**

NB: ഈ സർക്കുലർ ഒക്ടോബർ 3-ാം തീയതി വി. കുർബാനമദ്ധ്യേ വായി ക്കേണ്ടതാണ്.

# ലോകമിഷൻ ഞായർ 2021

## ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്ര മാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, *ഗാവുദിയും ഏത്ത് സ്പെസ്*, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെ

ത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

## അപ്പസ്തോലന്മാരുടെ അനുഭവം

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠി

ക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). "കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും

ഫലപൂർണരായിരിക്കും" എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷംപോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫല മൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മര ണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോ ദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെ ത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താ വിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആ വശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കു കയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റു ള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തു വിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയി രിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേ ഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പി ക്കുന്നു.

### നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് -

നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും" (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും “കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്” (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും “എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ” ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf മത്താ 5:13-14).

റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ.

Prot. No. 0923/2021

# ഇടയലേഖനം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

"പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ".

-ഫ്രാൻസിസ് മാർപാപ്പാ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്ന തോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാന ത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധനക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും അത് എല്ലാ രൂപത കളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചു കൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാഅസംബ്ലി കളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ

വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചു കൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാ രോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണ ത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാന യർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാ ണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4-ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9-ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെ തുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമല ബാർസഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈ നായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ് ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലി ക്കാവിശ്വാസപാരമ്പര്യമുള്ള സീറോമലബാർസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രിക സഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോ സിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (*cum Petro et sub Petro*)

സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934-ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് "തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ്" എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. "അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്" (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടാ യ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോ ടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*ഉഢ,* 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, "കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ" വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കു ന്നതുകൊണ്ടാണു കുർബാന സ്വീകരണത്തിനു ശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ "കർത്താവിലേക്കു തിരിയുന്നതായി" (*conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറ

യുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. "അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല" എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർക്ഷമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയ്യതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസോടെ തീരുമാനമെടുക്കാം. ഇക്കാ

ര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പി തരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്ത പ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്



*St. Joseph, Pray for us*

# കച്ചേരിക്കാര്യം

### 1. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

### 2. കൊന്തനമസ്കാരം

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ നല്ല പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. കോവിഡ് മഹാമാരിയുടെ ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യവും അഭയവും ആശ്രയവും നമുക്ക് തേടാം. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കൊന്തനമസ്കാരങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 3. മിഷൻ ഞായർ

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 17-ാം തീയതിയാണ്. അന്നേദിവസം സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള പ്രത്യേക അവസരമാണ്.

### 4. വൈദികരുടെ വാർഷികധ്യാനം

സെപ്റ്റംബർ 12 മുതൽ 17 വരെയും 19 മുതൽ 24 വരെയും നടത്തുവാൻ നിശ്ചയിച്ചിരുന്ന വൈദികരുടെ വാർഷികധ്യാനം കോവിഡിന്റെ അതിവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ചിരിക്കുന്നു. നവംബർ മാസം 15 മുതൽ 19 വരെ ഓൺലൈനായി ധ്യാനം നടത്തുന്നതാണ്.

### 5. പിപിഎഫ് വിഹിതം

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള 2021 ലെ വ്യക്തിവിഹിതം ഒക്ടോബർ മാസത്തിൽ അടച്ചുതീർക്കേണ്ടതാണ്.

### 6. യേശുനിധിയിൽനിന്നുള്ള സഹായധനം

യേശുനിധിയിൽനിന്നുള്ള സഹായധനം ബാങ്ക് ട്രാൻസ്ഫർ വഴിയാണ് നൽകുന്നത്. പല ബാങ്കുകളുടെയും ലയനത്തോടെ അക്കൗണ്ട് നമ്പറുകളും IFSC code കളും മാറിയതിനാലും അപേക്ഷകർ എഴുതിതരുന്ന അക്കൗണ്ട് നമ്പറുകളുടെ കൃത്യത ഇല്ലായ്മയും മൂലം യേശുനിധിയിൽ നിന്ന് അയയ്ക്കുന്ന പല

ചെക്കുകളും റിട്ടേൺ വരുന്നുണ്ട്. അതുകൊണ്ട് യേശുനിധിയിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ സഹായധനം അയയ്ക്കേണ്ട അക്കൗണ്ട് നമ്പറുള്ള പാസ്ബുക്കിന്റെ കോപ്പികൂടി നൽകേണ്ടതാണ്.

**7. പുതിയ ഫോൺ നമ്പർ**

| | |
|---|---|
| വിയാനി പ്രീസ്റ്റ് ഹോം | – 04952991703 |
| സെന്റ് ജോസഫ്സ് ചർച്ച് ഈരൂട് | – 04952991733 |
| അൽഫോൻസ കോൺവെന്റ് ഈരൂട് | – 04952991743 |

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 01-10-2006 | – | റവ. ഫാ. ബർത്തലോമിയോ സി.എം.ഐ. |
| 04-10-1994 | – | റവ. ഫാ. ജേക്കബ് ആലുങ്കൽ |
| **04-10-2014** | **–** | **റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ** |
| 07-10-2001 | – | റവ. ഫാ. ജോസഫ് കച്ചിറമറ്റം |
| 07-10-2006 | – | റവ. ഫാ. എവരിസ്റ്റസ് പാംപ്ലാനി സി.എം.ഐ. |
| 22-10-2009 | – | റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി. |
| 23-10-1982 | – | റവ. ഫാ. സബാസ് സി.എം.ഐ. |
| 26-10-1978 | – | റവ. ഫാ. ആഡ്രിയാൻ സി.എം.ഐ. |
| 30-10-2002 | – | റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ |
| **07-10-2018** | **–** | **റവ. ഫാ. മാണി കണ്ടനാട്ട്** |

പ്രോട്ടോസിഞ്ചെല്ലൂസ്



# വിശ്വാസപരിശീലനം

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു "മറിയത്തിന്റെ കണ്ണുകളിലൂടെയും, ഹൃദയത്തിലൂടെയും യേശുവിന്റെ തിരുമുഖം ധ്യാനിക്കണം അതിനുള്ള ഉത്തമ ഉപാധിയാണ് ജപമാലപ്രാർത്ഥന." ഒക്ടോബർ മാസം ജപമാല മാസമാണ്. വി. ഡൊമിനിക്കിലൂടെ പരിശുദ്ധഅമ്മ നമ്മെ പഠിപ്പിച്ച മനോഹരമായ ഒരു പ്രാർത്ഥനയാണ് ജപമാല. തിന്മക്കെതിരെ പടപൊരുതാനും ദൈവസ്നേഹത്തിലും വിശുദ്ധിയിലും വളരാനും വിശുദ്ധാത്മാക്കൾ ഈ പ്രാർത്ഥന ഉപയോഗിച്ചു. വിശുദ്ധിയു ടെ പടവുകൾ ചവിട്ടിക്കയറിയ പുണ്യാത്മാക്കളുടെ പലരുടെയും ജീവിതം പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകും പരിശുദ്ധ ജപമാല അവരുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചു എന്ന്. സുവിശേഷങ്ങളുടെ സംഗ്രഹമായ ജപമാലപ്രാർത്ഥന ധ്യാനാത്മകമായി ചൊല്ലി പ്രാർത്ഥിച്ച് യേശുവിനോടുള്ള സ്നേഹത്തിൽ കൂടുതൽ ആഴപ്പെടുവാൻ നമുക്ക് പരിശ്രമിക്കാം.

### മരിയ ബംബീന

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് വാലില്ലാപുഴ, മുക്കം, പേരാമ്പ്ര, മഞ്ഞുവയൽ, കട്ടിപ്പാറ എന്നീ ഇടവകകളിലെ മതബോധന വിദ്യാർത്ഥികളും, താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളും ചേർന്ന് എട്ട് ദിവസങ്ങളിൽ പരിശുദ്ധ അമ്മയുടെ സ്മരണ നിലനിർത്തുന്ന വിവിധങ്ങളായ കലാപരിപാടികൾ Catechesis Thamarassery എന്ന യൂട്യൂബ് ചാനലിലൂടെ അവതരിപ്പിച്ചു. പരിശുദ്ധ അമ്മയുടെ ജീവിതത്തെക്കുറിച്ച് ഓർക്കാനും മാതൃസ്നേഹത്തിൽ വളരാനും ഈ പ്രോഗ്രാമുകൾ കുട്ടികൾക്ക് പ്രചോദനം നൽകി

### മാതാവിന്റെ ജനനതിരുനാൾ സന്ദേശം

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സന്ദേശം നൽകി. എട്ടുനോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിശുദ്ധ അമ്മയുടെ സഹായം അഭ്യർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പിതാവ് സംസാരിച്ചു.

### മീറ്റിങ്ങും സമ്മാനദാനവും

2021 സെപ്റ്റംബർ 8 മാതാവിന്റെ ജനനത്തിരുനാൾ ദിനം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്റർ സെന്ററിൽ വെച്ച് പുസ്തകപ്രകാശനവും സമ്മാനദാനവും നടന്നു. കോവിഡ് കാലത്ത് നടത്തിയ സാക്ഷ്യരചനാ മത്സരം, നിറച്ചാർത്ത് (പെയിൻറിങ്) മത്സരം, ഫാമിലി മരിയൻ ക്വിസ്സ് തുടങ്ങിയ മത്സരങ്ങൾക്ക് വിജയികളായവർക്ക് അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകി.

## അസിസ്റ്റൻറ് ഡയറക്ടർ അച്ചന് യാത്രയപ്പ്

താമരശ്ശേരി രൂപത വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ കഴിഞ്ഞ ഒരു വർഷക്കാലം സുത്യർഹമായ സേവനം നൽകി ഉപരിപഠനത്തിനായി റോമിലേക്ക് പോയ അസിസ്റ്റൻറ് ഡയറക്ടർ അനുഗ്രഹ് അച്ചന് സെപ്റ്റംബർ എട്ടിന് യാത്രയയ്പ്പ് നൽകി. വിശ്വാസപരിശീലന മേഖലയിൽ കഴിഞ്ഞ ഒരു വർഷക്കാലം അച്ചൻ നൽകിയ സേവനത്തിന് രൂപത മതബോധന കേന്ദ്രത്തിന്റെ പേരിൽ ഹൃദ്ധ്യമായ നന്ദി പറയുന്നു. ഉപരിപഠനത്തിനായി പോകുന്ന അച്ചന് എല്ലാവിധ വിജയാശംസകളും നേരുന്നു.

## സഭാവാർത്തകൾ

2021 സെപ്റ്റംബർ പന്ത്രണ്ടാം തീയതി പേരാമ്പ്ര ഇടവകാംഗമായ മരിയ ജസ്റ്റിൻ സഭാവാർത്ത അവതരിപ്പിച്ചു.

## Quiz-Cat (ക്വിസ്സ് മത്സരം)

2021 സെപ്റ്റംബർ 26-ാം തീയതി ഞായറാഴ്ച വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി **"വിശ്വാസവഴിയിലെ സംശയങ്ങൾ"** എന്ന പുസ്തകത്തിലെ ഭാഗം അഞ്ച് അടിസ്ഥാനമാക്കി ഓൺലൈൻ ക്വിസ്സ് മത്സരം അധ്യാപകർക്കായി ക്രമീകരിച്ചു.

## അർദ്ധവാർഷികപരീക്ഷയെക്കുറിച്ചുള്ള അറിയിപ്പ്

- അർദ്ധവാർഷികപരീക്ഷ 2021 ഒക്ടോബർ 24 ഞായറാഴ്ച ആയിരിക്കും.
- അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക് 100 ൽ ആയിരിക്കും.
- 50 മാർക്ക് കുട്ടികൾ ചെയ്ത വർക്കുകളുടെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് നൽകാവുന്നതാണ്. (പാഠ്യേതര മൂല്യനിർണയ മാർക്ക് അധ്യാപകർ നൽകുന്ന 50 മാർക്കിൽ ഉൾപ്പെടുത്താം.)
- ശേഷിക്കുന്ന 50 മാർക്കിന്റെ ചോദ്യങ്ങൾ PDF ഫയൽ ആയിപരീക്ഷകൾക്ക് മുമ്പ് രൂപതയിൽ നിന്ന് നൽകുന്നതാണ്.
- ബൈബിൾ നഴ്സറിക്ക് പരീക്ഷ ഉണ്ടാകില്ല. കുഞ്ഞുങ്ങൾ ചെയ്ത വർക്കുകൾക്ക് അധ്യാപകർക്ക് മാർക്ക് നൽകാവുന്നതാണ്.
- 1,2,3 ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും. അതാത് ക്ലാസ്സിലെ അധ്യാപകർ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക. (ചോദ്യപരീക്ഷയ്ക്ക് സഹായകമായ ചോദ്യാവലി PDF ഫയൽ രൂപതയിൽനിന്ന് നൽകുന്നതാണ്.)
- എല്ലാ ക്ലാസ്സിലും ആദ്യ ഏഴ് അധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
- 5-12 വരെയുള്ള ക്ലാസ്സുകളിൽ എല്ലാ പ്രാർത്ഥനകളും സിലബസിൽ ഉണ്ടായിരിക്കും.

- 4 –ാം ക്ലാസ്സിൽ 7 വരെയുള്ള പാഠങ്ങളിൽനിന്നും, വർക്ക്ഷീറ്റിൽ പ്രവർത്തനങ്ങളായി നൽകിയ ഭാഗത്തുനിന്നും പ്രാർത്ഥനകൾ പരീക്ഷയ്ക്ക് ചോദിക്കുന്നതാണ്.
- 5–12 വരെ ഓരോ ക്ലാസ്സിലും രണ്ട് സഭാവാർത്തകളിൽ നിന്നുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും. (സഭാവാർത്തകൾക്കൊപ്പം നൽകിയിരിക്കുന്ന ചോദ്യങ്ങളിൽ നിന്ന് മാത്രം.)
- 4–ാം ക്ലാസ്സിൽ ഒരു സഭാവാർത്തയിൽ നിന്നുള്ള ചോദ്യമേ ഉണ്ടായിരിക്കൂ. (സഭാവാർത്തകൾക്കൊപ്പം നൽകിയിരിക്കുന്ന ചോദ്യങ്ങളിൽ നിന്ന് മാത്രം.)
- സെപ്റ്റംബർ 26, ഒക്ടോബർ 3,10 എന്നീ ഞായറാഴ്ചകളിലെ വിശ്വാസപരിശീലന ക്ലാസുകൾ ഉപപാഠപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും.
- ഈ ഞായറാഴ്ചകളിൽ ബൈബിൾ നേഴ്സറി 1,2,3,4 ക്ലാസ്സിലെ കുഞ്ഞുങ്ങൾക്കും പാഠത്തിന് പുറത്തുനിന്നുള്ള ക്ലാസ്സുകളും പ്രവർത്തനങ്ങളും നൽകുന്നതാണ് .
- 10,11,12 ക്ലാസ്സുകളിൽ അർദ്ധവാർഷിക പരീക്ഷക്ക് ഉപപാഠപുസ്തകത്തിന് പകരം സെപ്റ്റംബർ 26, ഒക്ടോബർ 3 ഞായറാഴ്ചകളിൽ വിശ്വാസജീവിതവുമായി ബന്ധപ്പെട്ട 2 ഓൺലൈൻ ക്ലാസുകൾ നൽകുന്നതാണ്. ക്ലാസ്സുകളോടൊപ്പം നൽകുന്ന ചോദ്യങ്ങൾ പരീക്ഷക്കുവേണ്ടി ഒരുങ്ങേണ്ടതാണ്.
- 2021 ഒക്ടോബർ 10 ഞായർ റിവിഷനുവേണ്ടിയുള്ള ദിവസമാണ്.
- 2021 ഒക്ടോബർ 17 ഞായർ സ്റ്റഡി ലീവ് ആയിരിക്കും.
- 5,6,7,9, ക്ലാസ്സുകളിലെ കുട്ടികൾ സെപ്റ്റംബർ 26, ഒക്ടോബർ 3,10 തിയ്യതികളിൽ രൂപതയിൽ നിന്ന് നൽകുന്ന ഉപപാഠപുസ്തകങ്ങളുടെ ഓൺലൈൻ ക്ലാസ്സിൽ നൽകുന്ന ചോദ്യങ്ങൾ മാത്രം പരീക്ഷക്ക് ഒരുങ്ങിയാൽ മതിയായിരിക്കും.
- 8 ക്ലാസ്സിലെ കുട്ടികൾ കൗമാര ലൈംഗീക വിദ്യാഭ്യാസം എന്ന പുസ്തകത്തിലെ ആദ്യത്തെ 8 അധ്യായങ്ങൾ പരീക്ഷക്ക് ഒരുങ്ങേണ്ടതാണ് (sex education ക്ലാസുകൾ നൽകുമെങ്കിലും ചോദ്യങ്ങൾ പുസ്തകത്തിൽ നിന്നായിരിക്കും.)

### ഒക്ടോബർ മാസത്തിലെ പ്രോഗ്രാമുകൾ

| | | |
|---|---|---|
| 1 വെള്ളി | – | ജപമാല മാസാരംഭം, ദൈവവിളി മാസം, വി. കൊച്ചുത്രേസ്യ, **അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ** |
| 2 ശനി | – | കാവൽമാലാഖ |
| 3 ഞായർ | – | ഏലിയാ ശ്ലീവാ മൂശ 6–ാം ഞായർ |
| 4 തിങ്കൾ | – | വി. ഫ്രാൻസീസ് അസീസ്സി, **ഫ്രാൻസിസ് മാർപാപ്പയുടെ തിരുനാൾ** |
| 7 വ്യാഴം | – | ജപമാലരാജ്ഞി |

| | | |
|---|---|---|
| 10 ഞായർ | - | ഏലിയാ ശ്ലീവാ മൂശ 7-ാം ഞായർ, **അർദ്ധവാർഷിക പരീക്ഷയ്ക്കുവേണ്ടിയുള്ള റിവിഷൻ** |
| 15 വെള്ളി | - | ആവിലായിലെ വി. ത്രേസ്യ |
| 16 ശനി | - | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 ഞായർ | - | ഏലിയാ ശ്ലീവാ മൂശ 8-ാം ഞായർ, മിഷൻ ഞായർ, **സ്റ്റഡിലീവ്** |
| 18 തിങ്കൾ | - | വി. ലൂക്കാ സുവിശേഷകൻ |
| 22 വെള്ളി | - | വി. ജോൺപോൾ രണ്ടാമൻ പാപ്പ |
| 24 ഞായർ | - | ഏലിയാ ശ്ലീവാ മൂശ 9-ാം ഞായർ, **മതബോധന അർദ്ധവാർഷിക പരീക്ഷ** |
| 31 ഞായർ | - | പള്ളിക്കൂദാശാക്കാലം 1-ാം ഞായർ |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട ശാഖാ ഡയറക്ടർ അച്ചൻമാരേ, വൈസ് ഡയറക്ടേഴ്സ്, പ്രസിഡണ്ട്, സെക്രട്ടറി എക്സിക്യൂട്ടീവ് അംഗങ്ങളേ, പ്രവർത്തകരേ,

ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തനങ്ങൾക്ക് നിങ്ങൾ നൽകിവരുന്ന എല്ലാവിധ സഹകരണങ്ങൾക്കും പ്രോത്സാഹനത്തിനും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയാണ്.തുടർന്നും പ്രത്യേകിച്ച് ഈ ജൂബിലി വർഷ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. 1947 ഒക്ടോബർ മൂന്നിന് ബഹുമാനപ്പെട്ട മാലിപ്പറമ്പിൽ അച്ചന്റേയും കുഞ്ഞേട്ടന്റേയും കൂട്ടായ്മയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ ശക്തമായ പ്രേരണയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട സംഘടന ഇന്ന് വളർന്നു പ്ലാറ്റിനം ജൂബിലി നിറവിൽ എത്തിനിൽക്കുമ്പോൾ സംഘടനയെ ഇതു വരെയും നട്ടു നനച്ച് വളർത്തി വലുതാക്കിയ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.

'ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായി' എന്ന ആപ്തവാക്യവുമായി 75 ദിവസത്തെ കൗണ്ട്ഡൗൺ പ്രോഗ്രാമിലൂടെയും സെപ്റ്റംബർ 25 ന് ഭരണങ്ങാനത്ത് നടന്ന ജൂബിലി വിളംബരത്തിലൂടെയും സംഘടന അതിന്റെ പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഭരണങ്ങാനത്ത് തെളിയിച്ച ദീപശിഖ താമരശ്ശേരി രൂപതയിൽ എത്തുകയും, അതിൽ നിന്നും കഴിഞ്ഞ സെപ്റ്റംബർ 28 ന് അഭിവന്ദ്യ റെമീജിയോസ്

ഇഞ്ചനാനിയിൽ പിതാവ് പകർന്നു തന്ന ദീപശിഖ, മേഖല വഴി ശാഖകളിൽ എത്തിയിരിക്കുകയാണ്.

ദീപശിഖ ശാഖയിലും ഭവനങ്ങളിലും ഒക്ടോബർ മൂന്നാം തീയതി ഞായറാഴ്ച കുട്ടികളുടെ കുർബാനയ്ക്ക് (മുൻപോ ശേഷമോ ) ശാഖകളിൽ ദീപശിഖക്ക് ദേവാലയ വാതിൽക്കൽ വെച്ച് സ്വീകരണം നൽകുന്നു. ദീപം ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നു. പതാക ഉയർത്തൽ, പതാക വന്ദനം, ജൂബിലി ഗാനാലാപനം, മുദ്രാവാക്യം, പ്രാർത്ഥന, അംഗത്വ സ്വീകരണം / നവീകരണം എന്നിവയിലൂടെ പരിപാടികൾ ആകർഷകമാക്കാവുന്നതാണ്. (വി. കുർബ്ബാനയ്ക്കു മുമ്പ് ദീപശിഖ തെളിക്കുന്നില്ല). പിന്നീട് വി . കുർബ്ബാനയ്ക്ക് ശേഷം ബഹു. വികാരിയച്ചൻമാർ ഭവനങ്ങളിലേയ്ക്ക് കത്തിച്ചുനല്കേണ്ട തിരി ജൂബിലി ദീപശിഖയിൽ നിന്നും കുട്ടികൾക്ക് കത്തിച്ചു നൽകുന്നു. പിന്നീടുള്ള ദിവസങ്ങളിൽ മിഷൻ ലീഗിൻെറ പ്രാർത്ഥന ചൊല്ലുന്ന അവസരങ്ങളിൽ മാത്രം ജൂബിലി തിരി ദേവാലയങ്ങളിൽ കത്തിച്ചാൽ മതിയാകും. കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് കുട്ടികളുടെ എണ്ണം നിജപ്പെടുത്തിയാണെങ്കിലും പരിപാടികൾ നടത്താൻ സാധിക്കുന്ന ശാഖകളിൽ ഭംഗിയായി ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

ശാഖകൾക്ക് ഭവനങ്ങളിലേയ്ക്ക് ആവശ്യമുള്ള ജൂബിലിതിരി, ചെറിയ ഒരു ടാഗ് എന്നിവ നല്കാൻ സാധിക്കുമെങ്കിൽ കൂടുതൽ അഭികാമ്യം.

### ജൂബിലി ബാനർ

ഇടവകകളിലേയ്ക്ക് പ്ലാറ്റിനം ജൂബിലിയുടെ ഓരോ ബാനർ നല്കുന്നുണ്ട്. ഒന്നിൽ കൂടുതൽ ആവശ്യമുണ്ടെങ്കിൽ ഒക്ടോബർ 10 ന് മുമ്പ് അറിയിക്കുക (Rs 100). ജൂബിലി തിരി, ടാഗ്, പോസ്റ്റർ എന്നിവ ഫ്രീ ആയി ഇടവകകൾക്ക് നല്കുന്നു. ഒക്ടോബർ 3, ഒക്ടോബർ 10, ഒക്ടോബർ 1 (മിഷൻ സൺഡേ) എന്നീ മൂന്നു ദിവസങ്ങളിൽ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിലുള്ള പരിപാടികൾ നടത്തി ജൂബിലി പരിപാടികൾ സജീവമാക്കുമല്ലോ.

### ഫിയാത്ത് മിഷൻ സൺഡേ വെബിനാർ

ഉച്ചയ്ക്ക് ശേഷം 3 ന് നടക്കുന്ന വെബിനാർ (രൂപതാ കൗൺസിൽ) ഉദ്ഘാടനം ചെയ്യുന്നത് ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചനാണ്; തുടർന്ന് വെബിനാർ നയിക്കുന്നത് ബഹു. നോബിൾ പാറയ്ക്കൽ അച്ചനാണ്.

### ജപമാല ബാങ്ക്

കഴിഞ്ഞ വർഷം ചെയ്തതുപോലെ ആഫ്രിക്കയിലെ ടാൻസാനിയാ മിഷനു വേണ്ടി കൊന്തകൾ സ്വീകരിക്കുന്നു. രൂപതാ ഓഫീസിൽ നവംബർ 10 ന് മുമ്പായി എത്തിക്കണം.

## പ്രയാണം അവധിക്കാല ക്യാമ്പ്

ഓൺലൈൻ വഴി നല്കപ്പെടുന്ന 2 ദിവസത്തെ ക്ലാസ് 13, 14 തിയ്യതികളിൽ (വിശദ വിവരങ്ങൾ പിന്നീട് വാട്സപ്പ് ഗ്രൂപ്പ് വഴി നല്കപ്പെടുന്നതാണ്)

## പ്ലാറ്റിനം ജൂബിലി വീഡിയോ സ്റ്റാറ്റസ് മത്സരം

ശാഖയിലെ മിഷൻ സൺഡേ പരിപാടികളുടെ ഫോട്ടോ, ഇടവകയിലെ പ്രവർത്തനങ്ങൾ, ഡയറക്ടർ അച്ചന്റെയടക്കം സന്ദേശങ്ങൾ എന്നിവയുൾക്കൊള്ളുന്ന 1 മിനിറ്റിന്റെ വീഡിയോ സ്റ്റാറ്റസ് മത്സരം ( മിഷൻ ലീഗ് മത്സരങ്ങളിലെ 3 വിഭാഗങ്ങൾക്ക് സബ് ജൂനിയർ, ജൂനിയർ, സീനിയർ തലങ്ങളിൽ) അവസാന ദിവസം ഒക്ടോബർ 31. അയയ്ക്കേണ്ടത് ഓഫീസ് നമ്പറായ 8606203117 ലേയ്ക്ക് മാത്രം.

## മാർഗ്ഗരേഖ

പ്ലാറ്റിനം ജൂബിലിയുടെ പ്രോഗ്രാമുകളടങ്ങിയ പുതിയ മാർഗ്ഗരേഖയുടെ pdf നല്കപ്പെടുന്നതാണ്.

## ഒക്ടോബർ മാസ ദൈനംദിനപരിപാടികൾ

*'പദമൂന്നാം പ്ലാറ്റിനം ജൂബിലിയിലേയ്ക്ക്'*

1 വെള്ളി – വി. കൊച്ചുത്രേസ്യായുടെ തിരുനാൾ
അസാധാരണ സമ്മേളനം
അഭി.മാർ റെമിജിയോസ് പിതാവിന്റെ
നാമഹേതുകതിരുനാൾ
ജപമാല മാസം ആരംഭം

2 ശനി – കാവൽ മാലാഖമാരുടെ തിരുനാൾ

3 ഞായർ – **പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം**, പതാക ഉയർത്തൽ, ജൂബിലി തിരി തെളിയിക്കൽ, ജൂബിലിഗാനാലാപനം, അംഗത്വ നവീകരണം

4 തിങ്കൾ – വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ

7 വ്യാഴം – ജപമാലരാജ്ഞിയുടെ തിരുനാൾ

9 ശനി – രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്

10 ഞായർ – 'ജപമാല ബാങ്ക്' തുടക്കം, പതാക വന്ദനം

13,14 ബുധൻ, വ്യാഴം – പ്രയാണം – ക്യാമ്പ് (ഓൺലൈൻ)

15 വെള്ളി – ആവിലായിലെ അമ്മത്രേസ്യയുടെ തിരുനാൾ

16 ശനി – വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

17 ഞായർ – **മിഷൻ ഞായർ**, പതാക വന്ദനം, വെബിനാർ: ഫാ. നോബിൾ പാറയ്ക്കൽ
രൂപതാ കൗൺസിൽ

18 തിങ്കൾ – വി. ലൂക്കാ, പ്ലാറ്റിനം ജൂബിലി, സ്റ്റാറ്റസ് വീഡിയോ മത്സരം
22 വെള്ളി – വി.ജോൺപോൾ രണ്ടാമന്റെ തിരുനാൾ
28 വ്യാഴം – ശിമയോൻ, യൂദാതദേവൂസ് ശ്ലീഹന്മാർ
31 ഞായർ – ജപമാല സമാപനം

***'വളരാൻ വളർത്താൻ'***

- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- മിഷനറിമാരെ ആദരിക്കൽ
- മിഷൻ സംഭാവനകൾ സ്വീകരിക്കൽ
- മിഷൻ അനുഭവങ്ങൾ, ഡോക്യുമെന്ററികൾ നൽകൽ
- മിഷൻ ക്യാമ്പ്
- വിശുദ്ധരെ അറിയാം – വി. അമ്മത്രേസ്യ

**കോടഞ്ചേരി മേഖലാ ഭാരവാഹികൾ**

*Juniors*

പ്രസിഡന്റ് – ആദിത്ത് മൂത്തേടത്ത് (മഞ്ഞുവയൽ)
വൈസ് പ്രസിഡന്റ് – റോസ്‌ലിൻ കാഞ്ഞിരത്തിൽ (ചെമ്പുകടവ്)
സെക്രട്ടറി – റിൻസ് റോബിൻ (കൂരോട്ടുപാറ)
ജോയിന്റ് സെക്രട്ടറി – ക്രിസ്മരിയ പുളിക്കൽ (കോടഞ്ചേരി)

*Seniors*

പ്രസിഡന്റ് – അരുൺ കണ്ടത്തിൽ (വലിയ കൊല്ലി)
വൈസ് പ്രസിഡന്റ് – റീന പനക്കൽ (തെയ്യപ്പാറ)
സെക്രട്ടറി – സെബിൻ സണ്ണി (മഞ്ഞുവയൽ)
ജോയിന്റ് സെക്രട്ടറി –ജോസ്ന ജോസ് (മഞ്ഞുവയൽ)
ജനറൽ ഓർഗനൈസർ – നിബിൻ പള്ളിവാതുക്കൽ (തെയ്യപ്പാറ)
റീജിയണൽ ഓർഗനൈസർ – അഗസ്റ്റിൻ പുല്ലുവേലിൽ (കോടഞ്ചേരി)

**വിലങ്ങാട് മേഖലാ – *സീനിയർ ഭാരവാഹികൾ***

പ്രസിഡന്റ് – സിബി കുരുവൻമാക്കൽ, വിലങ്ങാട്
വൈസ് പ്രസിഡന്റ് – നിർമല പ്രിൻസ് കാവിൽപുരയിടത്തിൽ, വാളൂക്ക്
സെക്രട്ടറി – ജിജി മനീഷ് അമ്പാട്ട്, വാളൂക്ക്
ജോയിന്റ് സെക്രട്ടറി – സിന്ധു ലാലു കൊടിമരത്തുംമൂട്ടിൽ, പാലൂർ
ജനറൽ organizer – അരുൺ ജോഷി കുന്നത്തോട്ട്, മഞ്ഞക്കുന്ന്

*ജൂനിയർ ഭാരവാഹികൾ*

പ്രസിഡണ്ട് – ഫെബിൻ ഇഞ്ചിക്കൽ, വിലങ്ങാട്
വൈസ് പ്രസിഡണ്ട് – ഡിയ കുന്നക്കാട്ട്, മഞ്ഞക്കുന്ന്
സെക്രട്ടറി – ആൽഫിൻ കൂലിപ്പറമ്പിൽ, മഞ്ഞക്കുന്ന്
ജോ. സെക്രട്ടറി – ആൻസിയ മടുക്കക്കുഴി, വിലങ്ങാട്

**പെരിന്തൽമണ്ണ മേഖലാ ഭാരവാഹികൾ**

*Seniors*

President - Benny Pulikal (Perinthalmanna)
Vice President - Leena Kanikadan (Malaparamba)
Secretary - Alen Kunnathett (Malaparamba)
Joint Secretary - Neenu Chirakadavil (Palurkotta)
Organisers - Mathew Painappaly (Nenmini)
Nisha Vattakkudiyil (Mariyapuram)

*Juniors*

President - Aloshi Anil (Mariyapuram)
Vice President - Lidhiya Arakkaparambil (Kuttippuram)
Secretary - Melvin Kulathinkal (Perinthalmanna)
Joint Secretary - Tessa Kochupurakkal (Cheerattamala)

**വി. മദർ തെരേസാ മിഷൻ ക്വിസ് – വിജയികൾ**

*ജൂനിയർ*

first – അലക്സ് ആന്റോ വാഴയിൽ, തിരുവമ്പാടി
Second – ആഷ്‌ലി പുളിക്കൽ, ചിപ്പിലിത്തോട്
Third – അനീന ജയ്സൺ ഔസേപ്പറമ്പിൽ, ചേവായൂർ

*സബ് ജൂനിയർ*

first - മിറ ക്ലെയർ വാഴയിൽ, തിരുവമ്പാടി
Second – ക്രിസ് ആന്റോ വാഴയിൽ, തിരുവമ്പാടി
Third – എൽറോയ് രാജേഷ് പാറത്തലയ്ക്കൽ, കണ്ണോത്ത്

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

## വി. മദർ തെരേസ ഫാൻസി ഡ്രസ്സ് മത്സരം വിജയികൾ

ഒന്നാം സമ്മാനം – മെറീന ജോബി പുതിയേടത്ത്, കൂടരഞ്ഞി
രണ്ടാം സമ്മാനം – സോയ മരിയ വരിക്കാനിക്കൽ, കോടഞ്ചേരി
മൂന്നാം സമ്മാനം – അനിറ്റ് ജയ്ഷ് കോലത്തോൽ, കോട്ടക്കൽ,
സേറാ ജോബിൻ കണ്ണേഴത്ത്, കരിയാത്തുംപാറ

## ഒക്ടോബർ മാസ ദൈനംദിന പരിപാടികൾ
## വി. കൊച്ചുത്രേസ്യായ്ക്ക് പ്രതിഷ്ഠിതം

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | : | കാവൽ മാലാഖ, വി. അമ്മത്രേസ്യ |
| പ്രാർത്ഥനാനിയോഗം | : | എല്ലാ അമ്മമാർക്കും വേണ്ടി |
| സുകൃതജപം | : | എന്റെ അമ്മേ എന്റെ ആശ്രയമേ |
| വചനം | : | അവൻ അവരോടു പറഞ്ഞു. “നിങ്ങൾ ലോകമെ ങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ (മർക്കോ 16:15) |
| 1 വെള്ളി | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ |
| 2 ശനി | : | കാവൽമാലാഖയുടെ തിരുനാൾ |
| 3 ഞായർ | : | മത്താ. 15:21–28, ഫിലി. 4:4–9 |
| 4 തിങ്കൾ | : | വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ |
| 7 വ്യാഴം | : | ജപമാല രാജ്ഞിയുടെ തിരുനാൾ |
| 10 ഞായർ | : | മത്താ. 20:1–16, 2 കോറി. 2:12–17 |
| 15 വെള്ളി | : | വി. അമ്മത്രേസ്യായുടെ തിരുനാൾ. |
| 16 ശനി | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ. |
| 17 ഞായർ | : | മിഷൻ ഞായർ – മത്താ. 10:1–15, 1 കോറി. 9:13–18 |
| 18 തിങ്കൾ | : | വി. ലൂക്കാ സുവിശേഷകന്റെ തിരുനാൾ. വചനം പറയൽ മത്സരം |
| 22 വെള്ളി | : | വി. ജോൺ പോൾ രണ്ടാമൻ |
| 24 ഞായർ | : | മത്താ. 8:23–34, ഗലാ. 6:1–10 |
| 28 വ്യാഴം | : | വി. ശിമയോൻ, യൂദാ തദേവൂസ് തിരുനാൾ |
| 31 ഞായർ | : | മത്താ. 16:13–19, 1 കോറി. 13:1–13 |
| പ്രവൃത്തി | : | മിഷൻ പ്രദേശങ്ങൾക്കുവേണ്ടി ജപമാല സംഭരിക്കുക |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ സെപ്റ്റംബർ മാസത്തെ ക്ലാസുകൾ നടന്നു. സെപ്റ്റംബർ 11 ന് ക്ലാസ് നയിച്ചത് രാമനാഥപുരം രൂപതാദ്ധ്യക്ഷനും കാനൻ നിയമവിദഗ്ധനും പ്രസിദ്ധ വചനപ്രഘോഷകനുമായ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവായിരുന്നു. 'വിശുദ്ധ കുർബാന: ഐക്യത്തിന്റെ കൂദാശ' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. സെപ്റ്റംബർ 25 ന് ക്ലാസെടുത്തത് സീറോ മലബാർ സെൻട്രൽ ലിറ്റർജി കമ്മീഷൻ അംഗവും തൃശ്ശൂർ മേരിമാതാ മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ബിൽജു വാഴപ്പിള്ളി അച്ചനായിരുന്നു.

'വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ സവിശേഷമായ ആഘോഷം' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ

താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പോപ്പ് ജോൺ പോൾ സെക്കൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചനും പി. എം.ഒ.സി ഡയറക്ടർ ബഹു. ഫിലിപ്പ് ചക്കുംമൂട്ടിലച്ചനും റിജോ കൂത്രപ്പള്ളി, ജോബിൻ പഴംപ്ലാക്കൽ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ്സ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## അധ്യാപകദിനം 2021

ദേശീയ അധ്യാപക ദിനം സെപ്റ്റംബർ 5 ന് കോർപ്പറേറ്റ് സ്കൂളുകളിൽ വിവിധങ്ങളായ പരിപാടികളോടെ ആചരിച്ചു. ആഘോഷപരിപാടിയുടെ ഭാഗമായി അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും, കോർപ്പറേറ്റ് മാനേജരും എല്ലാ അധ്യാപകർക്കും ആശംസകൾ നേരുകയും വീഡിയോ സന്ദേശം നൽകുകയും ചെയ്തു. പ്രശസ്ത ഗ്രന്ഥകാരനും വാഗ്മിയുമായ ഡോ. സോമൻ കടലൂർ അധ്യാപകരേയും വിദ്യാർത്ഥികളേയും അഭിസംബോധന ചെയ്ത് ഓൺലൈൻ പ്രഭാഷണം നടത്തുകയും ചെയ്തു. കോവിഡ് പ്രതിസന്ധിയുടെ കാലത്തും അധ്യാപകദിനം നിറപ്പകിട്ടോടെ സമുചിതമായി ആഘോഷിക്കുന്നതിന് സന്മനസ്സ് കാണിച്ച എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ

## അധ്യാപക നിയമനം

കോർപ്പറേറ്റ് സ്കൂളുകളിൽ അധ്യാപകരായി നിയമിക്കപ്പെടുന്നതിന് ടി.ടി.സി., അറബിക് വിഭാഗത്തിൽപ്പെട്ട ഉദ്യോർഗാർത്ഥികളുടെ കൂടിക്കാഴ്ചയും പ്രായോഗിക മൂല്യനിർണ്ണയവും പൂർത്തീകരിച്ചു.

## ആദരാഞ്ജലികൾ

കോർപ്പറേറ്റിലെ വിവിധ വിദ്യാലയങ്ങളിൽ ദീർഘകാലം സ്തുത്യർഹ സേവനം അനുഷ്ഠിച്ചതിനു ശേഷം വിശ്രമജീവിതം നയിച്ചിരുന്ന ശ്രീ. ടി.ജെ. കുര്യച്ചൻ തറക്കുന്നേൽ (റിട്ട. ഹെഡ്മാസ്റ്റർ ചങ്ങരോത്ത് യു.പി. സ്കൂൾ), ശ്രീ. സി.എ. കുര്യൻ ചാരുപ്ലാക്കൻ (റിട്ട. കായിക അധ്യാപകൻ പുല്ലൂരാംപാറ ഹൈസ്കൂൾ), സി. ഫ്രാൻസിസ് കബ്രീനി എസ്. എച്ച്. (റിട്ട. ടീച്ചർ കല്ലാനോട് എൽ.പി. സ്കൂൾ), ശ്രീ. ഒ.സി. ജോസഫ് (റിട്ട. ഓഫീസ് അറ്റന്റ്, കട്ടിപ്പാറ ഹൈസ്കൂൾ) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സേവന കാലഘട്ടങ്ങളിൽ മികവാർന്ന പ്രവർത്തനം കാഴ്ചവച്ച ഈ ഗുരുശ്രേഷ്ഠരെ നന്ദിയോടെ സ്മരിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## MTC Course 2021-22, സ്റ്റാർലൈറ്റ് ഇ ലേർണിംഗ് പ്രോഗ്രാം

സ്റ്റാർട്ടിന്റെ പരിശീലനപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കോഴ്സായപ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലന കോഴ്സ് വിജയകരമായി നടന്നുവരുന്നു.

അതോടൊപ്പം സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി അഞ്ചാംക്ലാസ്സുമുതലുള്ള കുട്ടികൾക്കുവേണ്ടി ഏപ്രിൽ മെയ്മാസങ്ങളിൽ ആരംഭിച്ച കോഴ്സിന്റെ അഡ്വാൻസ്ഡ് ലെവൽ കോഴ്സും ഓൺലൈനായി നടത്തിവരുന്നു. പങ്കെടുക്കുന്ന കുട്ടികളുമായി കൂടെക്കൂടെ സംവാദിക്കുകയും ഗൂഗിൾ മീറ്റ് നടത്തുകയും ചെയ്യുന്നു.

## പുതിയ PSC പരിശീലനകോഴ്സ് : 'SPARK' 2

ഈ വർഷം ഡിഗ്രി, പിജി പഠിക്കുന്നവരും പഠിച്ചുകഴിഞ്ഞവരുമായയുവജനങ്ങൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നത മത്സരപരീക്ഷകൾ എന്നിവ നന്നായി ഒരുങ്ങുന്നതിനായി മെയ് 15 ന് ആരംഭിച്ച നാലുമാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലന പരിപാടി സെപ്റ്റംബർ 15 ന് അവസാനിച്ചു.

ഈ കോഴ്സിന്റെ രണ്ടാമത്തെ ബാച്ച് സെപ്റ്റംബർ 10ന് ആരംഭിച്ച് തുടർന്ന് പോകുന്നു. മുൻ ബാച്ചിൽ നിന്ന് വ്യത്യസ്തമായി ആറുമാസമാണ് ഈ കോഴ്സിന്റെ കാലാവധി. 2022 ഫെബ്രുവരി 28 ന് അവസാനിക്കുന്ന ഈ കോഴ്സിൽ ചേരാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0495 2357843, 8590468035 (whatsapp), e-mail: startindia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ**
അസി. ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## 'ഷൈൻ 'സാഹോദര്യകൂട്ടായ്മയും യാത്രയയ്പ്പും

തിരുവമ്പാടി അൽഫോൻസ കോളേജ് ജീസസ്‌യൂത്തിന്റെ ആഭിമുഖ്യത്തിൽ 2020-2021 ൽ കോളജിൽനിന്ന് പഠനംപൂർത്തിയാക്കിയ ജീസസ്‌യൂത്ത് അംഗങ്ങൾക്കായ് യാത്രയയപ്പ് നൽകി. 07/08/2021 ശനിയാഴ്ച ഗൂഗിൾമീറ്റിലൂടെ നടത്തിയ പ്രോഗ്രാമിൽ ജീസസ്‌യൂത്ത് അംഗങ്ങൾ പങ്കെടുത്തു. പ്രാർത്ഥനയോടെ തുടങ്ങിയ കൂട്ടായ്മയിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി, ജീസസ്‌യൂത്ത് കോളേജ് ആനിമേറ്റേഴ്സ് ആയ റോബിൻ ജോർജ്ജ്, സാനമ്മ തോമസ്, കോർടീം കോഡിനേറ്റർ രമ്യ സി. അലക്സ് എന്നിവരും, മറ്റ് കോർടീം അംഗങ്ങളും പങ്കെടുത്തു. ജീസസ്‌യൂത്തിനെക്കുറിച്ച് പങ്കുവെച്ച് ശ്രീ. സച്ചിൻ സജി സംസാരിച്ചു. തുടർന്ന് ജീസസ്‌യൂത്ത് അംഗങ്ങൾ ഓരോരുത്തരും അവരുടെ കോളേജ് ജീവിതത്തിലെ ദൈവീക ഇടപെടലുകളെക്കുറിച്ച് അനുഭവം പങ്കുവെച്ചു . ജീസസ്‌യൂത്ത് എന്നനിലയിൽ ഈ കോളേജിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദിയർപ്പിച്ചു. തുടർന്ന് നടത്തിയ ഗെയ്മിൽ എല്ലാരും പങ്കെടുക്കുകയും പ്രോഗ്രാം മനോഹരമാക്കുകയും ചെയ്തു. രണ്ട് മണിക്കൂർ നീണ്ട സ്നേഹക്കൂട്ടായ്മ കലാലയ പ്രാർത്ഥനയോടെ അവസാനിച്ചു.

## പ്രസംഗമത്സരം

കോളേജിന്റെ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് ജൂലൈ 28-ാം തിയതി, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം സംഘടിപ്പിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അനേകം വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ ഒന്നാംവർഷ ബിഎ ഇംഗ്ലീഷ് വിദ്യാർത്ഥിയായ സാമുവൽ വി. ജെ വിജയിച്ചു.

## ഫ്ളാഷ്ബാക്ക്

അൽഫോൻസ കോളേജിലെ പിജി ഡിപ്പാർട്മെന്റ് ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 11 ന് ഒന്നാംവർഷ ബികോം ഫിനാൻസ് ബിരുദ വിദ്യാർത്ഥികൾ കഴിഞ്ഞ 2 സെമസ്റ്ററുകളിൽ ഇംഗ്ലീഷ് /മലയാളം/ ഹിന്ദി എന്നീ ഭാഷകൾ പഠിപ്പിച്ച് അറിവിന്റെ പുതിയ ലോകത്തേക്ക് നയിച്ച ഭാഷ അധ്യാപകരെ പ്രത്യേകമായി ഓർക്കുകയും അവരോടു നന്ദിപറയുകയും ചെയ്തു. അഷ്നോൾഡ് അഗസ്റ്റിൻ സ്വാഗതപ്രസംഗവും, കോമേഴ്സ്വിഭാഗം മേധാവി സാനമ്മ തോമസ് എല്ലാ അധ്യാപകർക്കും നന്ദിയും ആശംസയും നേർന്നു സംസാരിച്ചു. അധ്യാപകരായ ദീപ ഡോമിനിക്, സുധാകരൻ , ഡോ. ധന്യ കെ.പി, റോബിൻ ജോർജ്, ഷീബമോൾ ജോസഫ് എന്നിവർ അവരുടെ ഓർമ്മകൾ പ

ങ്കുവെച്ചു. ക്ലാസ്സ് ട്യൂട്ടർ അലക്സ് ബെന്നി വിദ്യാർത്ഥികളായ അലിഷ്യ, അലോമി, ആരോൺ എന്നിവർ പ്രസംഗിച്ചു. ഇവർക്കുപുറമെ 26 കുട്ടികളും ഈ പരിപാടി യിൽ പങ്കെടുത്തു.

### കോഴ്സ് ഇൻട്രൊഡക്ഷൻ പ്രോഗ്രാം

പി.ജി. ഡിപ്പാർട്ട്മെന്റ്ഓഫ് കോമേഴ്സ് രണ്ടാംവർഷ എം. കോം വിദ്യാർത്ഥികൾക്കായി മൂന്നാം സെമസ്റ്റർ ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. 01/09/ 2021 ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിച്ച പരിപാടിയിൽക്ലാസ്സ് ട്യൂട്ടർ അമ്പിളി സ്വാഗതം പറഞ്ഞു. ഡിപ്പാർട്ട്മെന്റ് മേധാവി സാനമ്മ തോമസ്സം സാരിച്ചു. അവരവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെക്കുറിച്ച് ടീച്ചേഴ്സ് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി. അഞ്ജലി കുര്യൻ നന്ദി അറിയിച്ചു. ബി.ബി.എ ഫിനാൻസിലെ മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിക്കൾക്കായി സെപ്റ്റംബർ ആറാം തിയതി വിഷയങ്ങൾ പരിചയപ്പെടുത്തി. അധ്യാപകരായ ഷിജി ഫ്രാൻസിസ് അലക്സ് ബെന്നി, അമെന്റ ഷാജി, ധന്യ കെ, അമ്പിളി കെ, എന്നിവർപ്രസംഗിച്ചു. 22 കുട്ടികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

മൂന്നാം സെമസ്റ്റർ ബികോം ഫിനാൻസ്, ബികോം കമ്പ്യൂട്ടർ അപ്ലിക്കേഷൻ ബിരുദ വിദ്യാർത്ഥികൾക്ക് വേണ്ടി സെപ്റ്റംബർ ഏഴിന് കോഴ്സ് ഇൻട്രോഡക്ഷൻ പ്രോഗ്രാം നടത്തി. കോമേഴ്സ് വിഭാഗം മേധാവി മിസ്സാനി തോമസ് കോഴ്സിന്റെ പ്രാധാന്യത്തെക്കുറിച്ചും ആസ്വാദ്യകരമായി എങ്ങനെപഠിക്കാം എന്നതിനെകുറിച്ചും സംസാരിച്ചു. അധ്യാപകരായ ഫാ. ഷിജു മാത്യു, അലക്സ് ബെന്നി, അമന്റ ഷാജി, ദീപേഷ് കെ, ഷിജി ഫ്രാൻസിസ്, ധന്യ കെ, അമ്പിളി കെ, അഞ്ജലി എബ്രഹാം, ഫെജി മാനുവൽ എന്നിവർ പ്രസംഗിച്ചു. 72 കുട്ടികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

### ആക്ട്സ്റ്റുഡന്റ് ലീഡേഴ്സ് (ASLW)

അൽഫോൻസ കോളേജിലെ ക്ലാസ്ലീഡേഴ്സ് സംഘടനയായ എ. എസ്.എൽ.ഡബ്ല്യുവിനെ 2021-22 കാലയളവിൽ നയിക്കുന്നതിനുള്ള നേതാക്കളെ തെരഞ്ഞെടുത്തു. ജനറൽ കോർഡിനേഴ്സ് ആയി ആകാശ് ശിവകുമാർ, അമലു ജോസഫ് എന്നിവരും ക്രിയേറ്റിവ് കോർഡിനേറ്റേഴ്സായി ആഷ്നോൾഡ് അഗസ്റ്റിൻ, സാന്ദ്ര മരിയ അഗസ്റ്റിൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറി അലീഷ ജോർജ്, ജോയിന്റ് സെക്രട്ടറി അജന്യ എം.എം. ടെക്നിക്കൽ കോർഡിനേറ്ററായി അതുൽബി. ജോസഫ് എന്നിവരും സ്ഥാനം എറ്റെടുത്തു.

### സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കോളേജ് മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ പതാക ഉയർത്തി, സ്വാതന്ത്യദിന സന്ദേശം നല്കി. വിദ്യാർത്ഥികൾക്കായി പ്രസംഗം, പോസ്റ്റർ, ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. ഓൺലൈൻ രൂപത്തിലാണ് മത്സരങ്ങൾ നടത്തിയത്. ഇന്റർ കോളേജ് പ്രസംഗമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ദേവഗിരിയിൽ നിന്നുള്ള അജിത് കെ.ബി, ഹിമ ബഷീർ

എന്നിവരും മൂന്നാം സ്ഥാനം ലയാ ജോസഫ് (അൽഫോസ കോളേജ്, തിരുവമ്പാടി) എന്നിവരും നേടി. പോസ്റ്റർ നിർമ്മാണ മത്സരത്തിൽ ഒന്നാം വർഷ ബിബിഎ വിദ്യാർത്ഥി വൈശാഖ് പി. ആർ, ക്വിസ് മത്സരത്തിൽ മൂന്നാം വർഷ ബി .കോം. ഫിനാൻസ് വിദ്യാർത്ഥി എഡ്വിൻ ആഗസ്തി എന്നിവരും വിജയികളായി.

### അധ്യാപകദിനം

നവീന ചിന്തകളിലൂടെ ക്രിയാത്മകമായ പരിപാടികൾ ചേർത്ത് വച്ച് അധ്യാപക ദിനം ഒരുക്കി എ. എസ്.എൽ.ഡബ്ല്യു. അംഗങ്ങൾ. അധ്യാപകരുടെ ഇടയിൽനിന്നും മികച്ച നടീ-നടൻ മത്സരത്തിൽ ഡോ. ധന്യ കെ പി, 'ഓർമ്മയിൽ അധ്യാപകർ' എന്ന മത്സരത്തിൽ മി. സെബാസ്റ്റ്യൻ എന്നിവർ വിജയിച്ചു. ഓൺലൈൻ ക്ലാസ്, ഓഫ്ലൈൻ ക്ലാസ് എന്ന ഡിബേറ്റിൽ അധ്യാപകർ തമ്മിൽ ശക്തമായി വാദഗതികൾ അവതരിപ്പിച്ചു.

### 'പൂവിളി' ഓൺലൈൻ ഓണാഘോഷം നടത്തി

ഓഗസ്റ്റ് 18,19,20 തീയതികളിൽ 'പൂവിളി' ഓൺലൈൻ ഓണഘോഷംവ്യത്യസ്തമായ രീതിയിൽ നടത്തി. നിരവധി ഓൺലൈൻ മത്സരങ്ങൾ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ മാറ്റുരച്ച മത്സരത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് വിജയികളായി. ഒന്നാം ദിനം 'പൂവിളി' എന്നപേരിൽ പൂക്കളം, തനിമലയാളം, ഓണത്തള്ള്, സുന്ദരിക്ക് പൊട്ട് തൊടൽ എന്നീ മത്സരങ്ങളും രണ്ടാംദിനം ആറാട്ട് എന്ന പേരിൽ, മലയാളിമങ്ക/കേരളശ്രീമാൻ, ഓണക്വിസ്, ഓണപ്പാട്ട്, മാവേലിവേഷംഎന്നീ മത്സരങ്ങളും നടന്നു. മൂന്നാംദിനത്തിൽ 'ഓണസദ്യ'എന്നപേരിൽ, ഓണംട്രോൾ, ഓണപാട്ട് ഇൻസ്ട്രുമെന്റ്, ACT നടീ-നടൻ എന്നീ മത്സരങ്ങളും നടന്നു. എ.എസ്.എൽ ,ഡബ്ല്യൂവിന്റെ നേതൃത്വത്തിലാണ് എല്ലാ പ്രോഗ്രാമുകളും സംഘടിപ്പിച്ചത്.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### കൗൺസിലിംഗ്

മാനസിക പിരിമുറക്കം അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനും ജീവിതസാഹചര്യങ്ങളെ തന്മയത്വത്തോടെ നേരിടുന്നതിനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ തികച്ചും സൗജന്യമായി കൗൺസിലിംഗ് നടത്തപ്പെടുന്നു.

### ഓൺലൈൻ കോഴ്സുകൾ

1. എം എസ് സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി മലയാളം
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം
4. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ്
5. സിസ്റ്റേഴ്സിനു മാത്രമായുള്ള ഡിപ്ലോമ കോഴ്സ്

എന്നീ കോഴ്സുകൾ നടത്തപ്പെടുന്നു.

### ഉദ്ഘാടനം ചെയ്തു

സിംഗാനിയ യൂണിവേഴ്സിറ്റിയുമായി കോളാബ്രേറ്റഡ് എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജിയുടെ മൂന്നാം ബാച്ചിന്റെ (2021–2023 അദ്ധ്യയനവർഷം) ഉദ്ഘാടനകർമ്മം കോഴിക്കോട് രൂപത മെത്രാൻ അഭിവന്ദ്യ മാർ വർഗ്ഗീസ് ചക്കാലയ്ക്കൽ സെപ്റ്റംബർ 11 ന് വൈകുന്നേരം 4.45 ന് നിർവ്വഹിച്ചു. JPI ഡയറക്ടർ ഡോ. കുര്യൻ പുരമഠം സ്വാഗതമേകിയ പ്രസ്തുത ചടങ്ങിൽ സിംഗാനിയ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ദീക്ഷിത് ആശംസകളർപ്പിച്ചു.

### അഡ്മിഷൻ തുടരുന്നു

1. എം എസ് സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ്
4. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി

### എം എസ് സി കൗൺസിലിംഗ് സൈക്കോളജി

ഫസ്റ്റ് ബാച്ച് എം. എസ്. സി കൗൺസിലിംഗ് സൈക്കോളജിയുടെ യൂണിവേഴ്സിറ്റി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### ഇന്റർ നാഷണൽ വെബ്നാർ

'പോസിറ്റിവ് സൈക്കോളജി ഇൻ ആക്ഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ശീതൾ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ് – ഖത്തർ) ആഗസ്റ്റ് 28 ന് വൈകുന്നേരം 5 മണിക്ക് വെബ്നാർ നയിച്ചു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ALPHA
Inspire to Illumine

# ആൽഫ മരിയ അക്കാദമി

### പ്ലസ് വൺ പ്ലസ് ടു (എൻട്രസ് പരിശീലനവും ട്യൂഷനും)

2021–2022 അധ്യായന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു സയൻസ് ട്യൂഷനും എൻട്രൻസ് പരിശീലനവും ഓൺലൈൻ വഴി ആരംഭിച്ചു. വിവിധ കോഴ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും.

### പിഎസ്‌സി സ്റ്റാഫ് നേഴ്സ് (DME) നേഴ്സിംഗ് ട്യൂട്ടർ പരിശീലനം

2021 ൽ നടക്കുന്ന സ്റ്റാഫ് നേഴ്സ് (DME) പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് ആരംഭിച്ചു. ഓൺലൈൻ വഴിയാണ് ക്ലാസുകൾ നടക്കുന്നത്. എടുത്ത ക്ലാസുകളുടെ വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നു.

### കെ.ടെറ്റ് (K.TET) പരിശീലനം

അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് K.TET നിർബന്ധമാക്കിയിരിക്കുന്നതിനാൽ K.TET നുള്ള പരിശീലനം ഒക്ടോബർ 1–ാം തീയതി മുതൽ ആരംഭിക്കുന്നു. എല്ലാ കാറ്റഗറിയിലുള്ള ക്ലാസ്സുകളും ഉൾപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫ ഓഫീസുമായി ബന്ധപ്പെടുക ഫോൺ : 7907028758, 9497567689.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# GiFT COCHIN

## Goodness Institute of Film and Television

Diploma in Pastoral Communication Through Digital Media
Exclusive for religious and priests
Duration - Six month - Certified by STED Council
Admission Open - New batch Commence on 28, December 2021 & Ends on 30, June, 2022

ദൃശ്യ മാധ്യമരംഗത്ത് ആരോഗ്യപരമായ ഇടപെടലിന് സ്വയം സജ്ജരാകുന്നതിന് ഗുഡ്നെസ്സ് മീഡിയാ സ്കൂൾ - ഗിഫ്റ്റ് കൊച്ചിൻ, വൈദികർക്കും സന്യസ്തർക്കുമായി ഒരുക്കുന്ന മാധ്യമ പഠനകോഴ്സാണ് diploma in Pastoral Communication through Digital Media. വിൻസെൻഷ്യൻ വൈദികരുടെ നേതൃത്വത്തിൽ ഗുഡ്നെസ്സ് ടിവിയുടെ സഹകരണത്തോടെയും കേരള സർക്കാർ സി-ഡിറ്റ് അംഗീകാരത്തോടെയും കൊച്ചി SRM റോഡിൽ

പ്രവർത്തിക്കുന്ന മാധ്യമ പഠന കേന്ദ്രമാണ് ഗിഫ്റ്റ് കൊച്ചിൻ. സന്യസ്തരെ ദൃശ്യമാധ്യമരംഗത്ത് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവാനും സ്വന്തമായി ഷോർട്ട് ഫിലിമുകൾ, ആൽബങ്ങൾ, സന്ദേശങ്ങൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ നിർമ്മിക്കുവാനും പരിശീലിപ്പിക്കുന്ന കോഴ്സാണിത്. മാധ്യമരംഗത്ത് അടിസ്ഥാനപരിചയമില്ലാത്തവർക്കും ഉപകാരമാകുന്ന വിധത്തിലാണ് കോഴ്സ് മോഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്. ഈ കോഴ്സിലൂടെ ദൃശ്യമാധ്യമരംഗത്ത് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സുവിശേഷ പ്രഘോഷണത്തിനു സുസജ്ജരാകാൻ വൈദികരെയും സന്യസ്തരെയും സഹായിക്കുന്നു.

സഭാനേതൃത്വത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഈ കോഴ്സ് തയ്യാറാക്കിയിരിക്കുന്നത്. മാധ്യമ രംഗത്ത് നിരവധി വർഷങ്ങളുടെ അനുഭവസമ്പത്തും ഉന്നത ബിരുദങ്ങളുമുള്ള അധ്യാപകരും, സിനിമ - ടെലിവിഷൻ മേഖലയിൽനിന്നുള്ള പ്രഗത്ഭരുടെ സേവനങ്ങളും ഗിഫ്റ്റിൽ മാധ്യമ പഠിതാക്കൾക്ക് ലഭ്യമാക്കിയിരിക്കുന്നു. അത്യാധുനിക സംവിധാനങ്ങളോടെയുള്ള സ്റ്റുഡിയോകൾ, വിശാലമായ ക്ലാസ് മുറികൾ, ഡോൾബി സിനിമ തിയേറ്റർ, മൾട്ടി ക്യാമറകൾ ഉപയോഗിച്ച് ചിത്രീകരിക്കുന്നതിനുള്ള സ്റ്റുഡിയോ ഫ്ളോറുകൾ, എഡിറ്റിംഗ് ലാബ്, ഓഡിയോ റെക്കോർഡിംഗ് സ്റ്റുഡിയോ, മേക്കപ്പ് റൂം, പ്രമുഖ ടെലിവിഷൻ ചാനലുകളുടെ സഹകരണത്തോടെയുള്ള പരിശീലന പദ്ധതികൾ തുടങ്ങിയവ സജ്ജീകരിച്ചിരിക്കുന്നു.

ദൃശ്യമാധ്യമ ഡിപ്ലോമാ കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

# മാതൃവേദി

ഒക്ടോബർ മാസം ജപമാല ഭക്തിയുടെ ദിവസങ്ങളാണ്. ദേവാലയങ്ങളിൽ വി. കുർബാനയുടെ മുമ്പിലും യൂണിറ്റുകളിലും ഭവനങ്ങളിലുമെല്ലാം പരി. മാതാവിന്റെ തിരുസ്വരൂപങ്ങൾ അലങ്കരിച്ച് വെച്ചും ഏറെ ഭക്തി നിർഭരമായി പ്രാർത്ഥിക്കുന്ന സുന്ദരമായ ദിനങ്ങൾ.

ജപമാല മാസത്തിൽ കഴിഞ്ഞവർഷം ചെയ്തതുപോലെ മേഖലകളുടെ നേതൃത്വത്തിൽ ജപമാല ചൊല്ലൽ ക്രമീകരിക്കുന്നതാണ്. പരിശുദ്ധ അമ്മയുടെ നാമത്തിൽ ദേവാലയങ്ങളിൽ ഒരുമിച്ചുകൂടിയും ഭവനങ്ങളിൽ ഇരുന്നു പ്രാർത്ഥിച്ചുകൊണ്ടും ഭക്തിപൂർവ്വം ജപമാല അർപ്പിക്കാം.

### എട്ട് നോമ്പാചരണം

കോവിഡിന്റെ പ്രതിസന്ധികൾക്കിടയിലും ഭക്തിപുരസ്സരം എട്ടുനോമ്പ് ആചരിക്കുവാൻ അമ്മമാർ പ്രത്യേകം ശ്രദ്ധിച്ചു. രൂപതാ സമിതിയുടെ നിർദ്ദേശമനുസരിച്ച് ഓരോ ദിവസവും പ്രത്യേക നിയോഗം സമർപ്പിച്ച് മേഖലാ സമിതികളുടെ നേതൃത്വത്തിൽ സെപ്റ്റംബർ 1 മുതൽ 8 വരെ അഖണ്ഡ ജപമാല നടത്തി. രൂപതയിലെ എല്ലാ ഇടവകകളിലെയും അമ്മമാർ ഇതിൽ പങ്കെടുത്തു.

### അംഗത്വ നവീകരണം

സെപ്റ്റംബർ 8ന് മേഖല ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ online ദിവ്യകാരുണ്യ ആരാധനയും, അംഗത്വ നവീകരണവും നടന്നു. സാധിക്കുന്ന അമ്മമാർ ദേവാലയങ്ങളിൽ വിശുദ്ധ ബലിയിൽ പങ്കെടുത്ത് അംഗത്വ നവീകരണം നടത്തി.

### മാതൃസവിധേ

രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ തോട്ടുമുക്കം മേഖലയിലെ അമ്മമാർ അവതരിപ്പിച്ച ഗാനചിത്രീകരണം 'മാതൃ സവിധേ' സെപ്റ്റംബർ 8 ന് മാതൃ വേദി youtube channel ൽ റിലീസ് ചെയ്തു.

### അധ്യാപക ദിനം

സെപ്റ്റംബർ 5 ന് അധ്യാപക ദിനത്തിൽ അമ്മമാരായ എല്ലാ അധ്യാപകർക്കും വാട്സ് ആപ്പിലൂടെ ആശംസകൾ അറിയിച്ചു.

### ജപസന്ധ്യ

ജപമാലമാസ ഒരുക്കത്തിനായി ക്രമീകരിക്കുന്ന വെബിനാർ സെപ്റ്റംബർ 26 ഞായറാഴ്ച 3.30 pm ന് നടത്തപ്പെട്ടു. ബഹു. ജോൺ പള്ളിക്കാവയലിൽ അച്ചൻ ക്ലാസെടുത്തു.

### എക്സിക്യൂട്ടിവ് യോഗം

ആഗസ്റ്റ് 24 ന് രൂപതാ ഓഫീസിൽ വച്ച് നടന്ന എക്സിക്യുട്ടിവ് യോഗം സംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി, ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

## കുടുംബ പ്രേഷിതത്വം

സെപ്റ്റംബർ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ – പ്രീകാന കോഴ്സ് 10,11,12 തീയതികളിൽ ഓൺലൈനായി നടന്നു. 94 യുവതിയുവാക്കൾ വിവിധ ഇടവകകളിൽ നിന്നായി പങ്കെടുത്തു. അടുത്ത കോഴ്സ് ഒക്ടോബർ 8–10 തീയതികളിലും നവംബർ 12–14 തീയതികളിലും നടക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രജിസ്ട്രേഷനായി 8547191056 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബ പ്രേഷിതത്വം

# കെ.സി.വൈ.എം.

## പോൾ ചിറ്റിലപ്പള്ളി മെമ്മോറിയൽ പ്രസംഗ മത്സരം

മാർ ചിറ്റിലപ്പള്ളി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് 'പോൾ പിതാവ്, രൂപതയെ അറിഞ്ഞ ഇടയൻ' എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് പ്രസംഗ മത്സരം സംഘടിപ്പിച്ചു. ഓൺലൈനായി നടത്തിയ മത്സരത്തിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു.

## കെഎസ്ആർടിസി ഡിപ്പോയിൽ സമരം

കെഎസ്ആർടിസി ഡിപ്പോകളിൽ മദ്യശാല ആരംഭിക്കാനുള്ള സർക്കാർ നയത്തിനെതിരെ താമരശ്ശേരി കെഎസ്ആർടിസി ഡിപ്പോയുടെ മുൻപിൽ സെപ്റ്റംബർ 12 ന് വൈകുന്നേരം ചായയടി സമരം നടത്തി. രൂപത അസി. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ഉദ്ഘാടനം ചെയ്തു. മദ്യഷാപ്പുകൾ തുറക്കാനുള്ള ഉത്സാഹം സ്കൂളുകളും കോളേജുകളും തുറക്കാൻ ഉണ്ടാകണമെന്ന് അധ്യക്ഷപ്രസംഗത്തിൽ ശ്രീ. വിശാഖ് തോമസ് സർക്കാറിനോട് ആവശ്യപ്പെട്ടു.

കള്ളിനു പകരം ചായ വീശിയടിച്ച് നടത്തിയ സമരത്തിൽ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ജന. സെക്രട്ടറി അഭിലാഷ് കുടിപ്പാറ, റിച്ചാർഡ് ജോൺ, ടിബിൻ അഗസ്റ്റിൻ, അമൽ, സെബിൻ സണ്ണി, ശാലു, അതുല്യ, അനുപ്രിയ എന്നിവർ പങ്കെടുത്തു. സർക്കാർ തീരുമാനം പിൻവലിച്ചതിനെ പിന്നീട് സമിതി സ്വാഗതം ചെയ്തു.

## തണൽ വീട് ധനസമാഹരണം ആരംഭിച്ചു

രൂപതയിലെ ഒരു കെസിവൈഎം പ്രവർത്തകയ്ക്ക് നിർമ്മിച്ച് നൽകുന്ന തണൽ വീടിന് വേണ്ടിയുള്ള ധനസമാഹരണം ഗൂഗിൾ പേ ചലഞ്ച് ആയി ആരംഭിച്ചു. സഹകരിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്കും മറ്റ് എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി. വീടിന്റെ പണി ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

## പ്രതിഷേധങ്ങൾ

1. പെൻഷൻ പ്രായം ഉയർത്താനുള്ള സർക്കാർ നയത്തിനെതിരെ പ്രതി ഷേധം
2. കാറ്റുള്ളമല ഇടവകയിൽ പള്ളിക്കും സ്കൂളിനും നാൽപതോളം ഭവനങ്ങൾക്കും ഭീഷണിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോറിക്കെതിരെ നടത്തിവരുന്ന സത്യാഗ്രഹ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു.

## മറ്റു പരിപാടികൾ

1. പിഎസ്സി മാസ്റ്റേഴ്സിന് ഭാഗമായി DME പരീക്ഷ ട്രെയിനിങ് സ്കോളർഷിപ്പ് പരീക്ഷ ആൽഫ അക്കാദമി ആയി ചേർന്ന് നടത്തി.
2. കെസിവൈഎം ന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന വുമൺസ് വിങ്ങിന്റെ ആദ്യ മീറ്റിംഗ് നടത്തി.

3. സെപ്റ്റംബർ പന്ത്രണ്ടാം തീയതി രൂപത ഓഫീസിൽ വച്ച് രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. മേഖലാ പ്രസിഡണ്ട്മാരുടെ യോഗവും ഡയറക്ടേഴ്സ് അനിമേറ്റേഴ്സ് യോഗവും നടത്തി.
4. എട്ടുനോമ്പിനോടനുബന്ധിച്ച് സ്റ്റാറ്റസ് വീഡിയോസ് പ്രസിദ്ധീകരിച്ചു.

## അറിയിപ്പുകൾ

### 1. ഹെയർ ഹാൻഡ് ഔട്ട്

ഒക്ടോബർ പത്താം തീയതി കേശദാന യജ്ഞത്തിന്റെ ഭാഗമായി മുടി ദാനം ചെയ്യാൻ തയ്യാറായ വ്യക്തികളുടെ മുടിമുറിക്കൽ പ്രോഗ്രാം മലപ്പുറം, കോഴിക്കോട് ജില്ലകളിലായി നടത്തുന്നു.

### 2. യൂത്ത് കോൺക്ലേവ്

ഈ വരുന്ന 15 വർഷത്തെ മുന്നിൽകണ്ടുകൊണ്ട് യുവജന നന്മയ്ക്കായി പദ്ധതികൾ വിഭാവനം ചെയ്യുന്ന ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന യൂത്ത് കോൺക്ലേവിന് സെപ്റ്റംബർ 26 മുതൽ തുടക്കമാകുന്നു. കോൺ ക്ലേവിന്റെ ഔദ്യോഗിക സെഷനുകൾ ഒക്ടോബർ 13 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കുന്നതായിരിക്കും.

### 3. യൂണിറ്റ് തെരഞ്ഞെടുപ്പുകൾ

2021-22 വർഷത്തേക്കുള്ള കെസിവൈഎം യൂണിറ്റ് ഭാരവാഹികളുടെതെരഞ്ഞെടുപ്പുകൾ ഒക്ടോബർ മാസത്തിൽ നടത്തേണ്ടതാണ്. നിലവിൽ പ്രവർത്തനസജ്ജമല്ലാതെ യൂണിറ്റുകളിൽ മേഖല രൂപത സമിതി അംഗങ്ങൾ പങ്കെടുത്തുകൊണ്ട് ഇലക്ഷൻ നടത്താൻ തീരുമാനിച്ചു. നവംമ്പർ മാസത്തിൽ മേഖല തിരഞ്ഞെടുപ്പും ഡിസംബറിൽ രൂപത തിരഞ്ഞെടുപ്പും നടത്തുന്നതായിരിക്കും.

### 4. വിശുദ്ധ കുരിശിന്റെ അടയാളം  വീഡിയോ റിലീസ് നടത്തുന്നതായിരിക്കും

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം



# ഇൻഫാം

## ഇൻഫാം യൂണിറ്റുകൾ

ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി താഴെ കാണുന്ന ഇടവകകളിൽ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

### 1. കരിയാത്തുംപാറ

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോസ് മുളക്കൽ |
| സെക്രട്ടറി | : | വിൻസെന്റ് പേടിക്കാട്ടുകുന്നേൽ |
| ട്രഷറർ | : | അബ്രാഹം മണലോടി |
| വൈസ് പ്രസിഡന്റ് | : | ജോസ് വെളിയത്ത് |
| ജോയിന്റ് സെക്രട്ടറി | : | ജോണി കുറിച്ചാലിൽ |

### 2. കൂരാച്ചുണ്ട്

| | | |
|---|---|---|
| പ്രസിഡന്റ് | : | ടോമി തലകളത്തിൽ |
| സെക്രട്ടറി | : | തോമസ് ചേനപറമ്പിൽ |
| ട്രഷറർ | : | ബോബൻ പുത്തൂരാൻ |
| വൈസ് പ്രസിഡന്റ് | : | ബെന്നി കണ്ടശ്ശാംകുന്നേൽ |
| ജോയിന്റ് സെക്രട്ടറി | : | ഷാജൻ വള്ളോംക്കോട്ട് |

### 3. ചക്കിട്ടപ്പാറ

| | | |
|---|---|---|
| പ്രസിഡന്റ് | : | ഷാജു മാളിയേക്കൽ |
| സെക്രട്ടറി | : | ബോണി ആനത്താനത്ത് |
| ട്രഷറർ | : | ബാബു പള്ളിതാഴത്ത് |
| വൈസ് പ്രസിഡന്റ് | : | സാബു പുളിക്കൽ |
| ജോയിന്റ് സെക്രട്ടറി | : | ജെയിംസ് തോട്ടുപുറം |

### 4. കാറ്റുള്ളമല

| | | |
|---|---|---|
| പ്രസിഡന്റ് | : | സേവ്യർ കല്ലൂർ |
| സെക്രട്ടറി | : | സജി വാഴക്കാല |
| ട്രഷറർ | : | ജിൻസ് മുറിഞ്ഞകല്ലേൽ |
| വൈസ് പ്രസിഡന്റ് | : | ജോഷി മാളിയേക്കൽ |
| ജോയിന്റ് സെക്രട്ടറി | : | ജോസി മ്ലാംകുഴി |

### 5. മരുതോങ്കര

| | | |
|---|---|---|
| പ്രസിഡന്റ് | : | റോയ് ആന്ത്രോത്ത് |
| സെക്രട്ടറി | : | ജോൺ പ്ലാത്തോട്ടം |

| | | |
|---|---|---|
| ട്രഷറർ | : | വിൽസൺ കൈതകുളം |
| വൈസ് പ്രസിഡന്റ് | : | വർഗീസ് കൈതകുളം |
| ജോയിന്റ് സെക്രട്ടറി | : | കുര്യാച്ചൻ പൊങ്ങംപാറ |

**6. ചെമ്പനോട**

| | | |
|---|---|---|
| പ്രസിഡന്റ് | : | മാത്യു തേരകം |
| സെക്രട്ടറി | : | ഫ്രാൻസിസ് ചിറക്കടവിൽ |
| ട്രഷറർ | : | ബോസ് ചിറത്തലക്കൽ |
| വൈസ് പ്രസിഡന്റ് | : | ചെറിയാൻ പുതുകുളങ്ങര |
| ജോയിന്റ് സെക്രട്ടറി | : | സണ്ണി വത്തല്ലൂർകാലായിൽ |

**7. പൂഴിത്തോട്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ബെന്നി നീണ്ടുകുന്നേൽ |
| സെക്രട്ടറി | : | ജോസ് ചീരമറ്റത്തിൽ |
| ട്രഷറർ | : | ബേബി കുംപ്ലാനി |
| വൈസ് പ്രസിഡന്റ് | : | ബാബു മയിലപ്പറമ്പിൽ |
| ജോയിന്റ് സെക്രട്ടറി | : | ജോൺസൺ പൂകമല |

**8. മുതുകാട്**

| | | |
|---|---|---|
| പ്രസിഡന്റ് | : | അഗസ്റ്റിൻ ചേന്നംകുളം |
| സെക്രട്ടറി | : | ജിജോ വട്ടോത്ത് |
| ട്രഷറർ | : | സുനിൽ കുന്നുംപുറത്ത് |
| വൈസ് പ്രസിഡന്റ് | : | മാത്യു മംഗലത്ത് |
| ജോയിന്റ് സെക്രട്ടറി | : | ജോസ് കോമറ്റത്തിൽ |

**9. പൂതംപാറ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോർജ് പെരുമ്പള്ളിൽ |
| സെക്രട്ടറി | : | മാത്യു ചിറക്കടവിൽ |
| ട്രഷറർ | : | ജോസഫ് കുഴികണ്ടത്തിൽ |
| വൈസ് പ്രസിഡന്റ് | : | മനോജ് മറ്റപ്പള്ളിൽ |

**10. വിലങ്ങാട്**

| | | |
|---|---|---|
| പ്രസിഡന്റ് | : | സിജോ കരിമത്തിയിൽ |
| സെക്രട്ടറി | : | ജോൺസൺ ഒളിക്കൽ |
| ട്രഷറർ | : | ജോസഫ് ആലപ്പാട്ട് |
| വൈസ് പ്രസിഡന്റ് | : | ജോൺ വെട്ടുകല്ലേൽ |

**11. മഞ്ഞക്കുന്ന്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോഷി കുന്നത്തേട്ട് |
| സെക്രട്ടറി | : | ബാബു കുടിപ്പാറ |

ട്രഷറർ : സാബു മുട്ടത്തുകുന്നേൽ
വൈസ് പ്രസിഡന്റ് : ജോസ് ചൂരപൊയ്കയിൽ

**12. വാളൂക്ക്**

പ്രസിഡന്റ് : ജോസ് തറപ്പേൽ
സെക്രട്ടറി : ടോമി കാവിൽപുരയിൽ
ട്രഷറർ : ജോബി നെല്ലിമൂട്ടിൽ
വൈസ് പ്രസിഡന്റ് : വിൽസൺ വാഴപ്പള്ളി
ജോയിന്റ് സെക്രട്ടറി : ജോൺസൺ കൊട്ടാരം

അസോസിയേറ്റ് ഡയറക്ടർ — ഡയറക്ടർ, ഇൻഫാം

**ഫാ. ജോസഫ് കളത്തിൽ** — **ഫാ. ജോസ് പെണ്ണാപറമ്പിൽ**

# കരിസ്മാറ്റിക് മൂവ്മെന്റ്

ആഗസ്റ്റ് 27 ന് സോണൽ സർവ്വീസ് ടീം ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ ഗൂഗിൾമീറ്റിലൂടെ നടത്തി.

ആമുഖസന്ദേശമായി ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചൻ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ആനുകാലിക പ്രശ്നങ്ങളും ചർച്ച ചെയ്തു. ഇടയനെ അടിക്കും, ആടുകൾ ചിതറിക്കപ്പെടും എന്ന ആശയത്തിലൂടെ ഇപ്പോൾ സഭ നേരിടുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളെയും അവതരിപ്പിച്ചു. പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും തിന്മയുടെ പ്രവർത്തനങ്ങളെ അതിജീവിക്കണമെന്ന് ഓർമ്മപ്പെടുത്തി. 23-9-21 ന് കെ.സി.എസ്സ്.സി സബ്റീജിയൻ വിസിറ്റിനായി ബഹു. പിതാക്കന്മാരും, കോർഡിനേറ്ററും അംഗങ്ങളും പങ്കെടുക്കുന്ന ഓൺലൈൻ മീറ്റിംഗിൽ, സോണിന്റേയും മിനിസ്ട്രിയുടെയും അഡ്വൈസറി അംഗങ്ങൾ പങ്കെടുക്കണം എന്ന് ഓർമ്മപ്പെടുത്തി.

ഗൂഗിൾ മീറ്റിലൂടെ കോഴിക്കോട് സോണിലെ എല്ലാ ഇടവകകളിലും എൽ എസ്സ് എസ്സ് ട്രെയിനിംഗ് കൊടുക്കാൻ നമ്മൾ നന്നായി അദ്ധ്വാനിക്കണം എന്ന് പാരീഷ് മിനിസ്ട്രികോർഡിനേറ്റർ ബാബു കോതനാനിക്കൽ ആവശ്യപ്പെട്ടു. എൽ എസ്സ് എസ്സ് ട്രെയിനിംഗ് പൂർത്തിയായവർക്കായി വാരണസിയിൽ സത്സംഘ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സന്തോഷ് ചിറ്റിലപ്പിള്ളി ക്ലാസ്സെടുത്തു. ഈശോയെ അറിയാത്തവരിലേയ്ക്ക് ഫലപ്രദമായി സുവിശേഷം കൈമാറാൻ സാധിക്കുന്നു.

ദമ്പതിധ്യാനം പൂർത്തിയാക്കിയവർക്കായി സെൽ രൂപീകരണത്തേയും മറ്റുനിർദ്ദേശങ്ങളും കപ്പിൾസ് മിനിസ്ട്രി കോർഡിനേറ്റർ അംബ്രോസ് നൽകി. 4-9-21 ന് കോർഗ്രൂപ്പ്കൂടി മാതാവിന്റെ പിറവിതിരുന്നാളിനും, സബ്റീജിയൻ വിസിറ്റിനായും ഒരുങ്ങാൻ

തീരുമാനിച്ചു. പരി. അമ്മയുടെ പിറവിതിരുനാൾ ദിനമായ സെപ്റ്റംബർ 8 ന് യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാലയും, തുടർന്ന് ശിഷ്യത്വം പരിശീലനം പൂർത്തിയാക്കിയവരെ കെ സി എസ്സ് സിയുടെ നേതൃത്വത്തിൽ പരിചയപ്പെടുത്തി. അന്നേദിവസം പാരീഷ് മിനിസ്ട്രിയുടെ സെൻട്രൽ ടീം മരുതോങ്കര സബ്സോണിലെ ഏഴു ഗ്രൂപ്പുകളും സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സബ്സോൺ കൂട്ടായ്മകൾ ഫലപ്രദമായി പ്രവർത്തിക്കാൻ അംഗങ്ങളുടെ കുറവ് നികത്താൻ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തി. എല്ലാ സബ്സോണുകളും ഗൂഗിൾമീറ്റിലൂടെ സർവ്വീസ് ടീമും, മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നു. അതുപോലെ കോവിഡ് പ്രതിസന്ധിമൂലം വിഷമിക്കുന്നവരെ സഹായിക്കാൻ മൊബൈൽ ഫോൺ, പഠനോപകരണങ്ങൾ, മരുന്ന്, ഭക്ഷണം, ഫോൺ ചാർജ്ജ് ചെയ്തു കൊടുക്കുക, ഭവനനിർമ്മാണത്തിനായി സഹായിക്കുക മുതലായ കാരുണ്യപ്രവൃത്തികളും നടക്കുന്നു.

സോണൽതലത്തിൽ എല്ലാ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ പ്രാർത്ഥന ഗൂഗിൾ മീറ്റിലൂടെ നടക്കുന്നു. എല്ലാ പ്രാർത്ഥനയ്ക്കിടയിലും ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചൻ വചനസന്ദേശവും, ആശീർവാദവും നൽകുന്നു. ബുധനാഴ്ചകളിൽ സബ്റീജിയൺ തലത്തിൽ 6.15 മുതൽ 7.30 വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു. കരിസ്മാറ്റിക് മഹാജൂബിലിയുടെ ഭാഗമായി രാത്രി 12 മുതൽ 1 വരെ നടക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന ഗൂഗിൾ മീറ്റിലൂടെ നടക്കുന്നു. കൂരാച്ചുണ്ടിൽ, കക്കയം ഇടവകയിൽ ക്രിസ്റ്റീൻ പ്രാർത്ഥനാ ഗ്രൂപ്പ് ആരംഭിച്ചു. നൂറാംതോട് ഇടവകയിൽ യുവജനങ്ങൾക്കായ് എൽ എസ്സ് എസ്സ് ട്രെയിനിംഗ് ആരംഭിച്ചു. കെരിഗ്മ മിനിസ്ട്രിയും, തൂവന്നിസ മിനിസ്ട്രിയും നന്നായി പ്രവർത്തിക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ



# യേശുനിധി

01.04.2021 മുതൽ 20.09.2021 വരെ, ഇടവകയിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യേശുനിധിയിലേക്ക് ലഭിച്ച തുക താഴെചേർക്കുന്നു.

| Sl. No. | Name of Parish | Amount |
|---|---|---|
| 1 | Adackakundu | 13,130.00 |
| 2 | Amalapuri | 10,000.00 |
| 3 | Anackampoil | 53,000.00 |
| 4 | Ashokapuram | 1,47,300.00 |
| 5 | Balussery | 7,550.00 |
| 6 | Chakkittappara | 1,10,000.00 |
| 7 | Chamal | 24,650.00 |
| 8 | Chappanthottam | 26,290.00 |
| 9 | Chathangottunada | 16,000.00 |
| 10 | Chempanoda | 43,280.00 |
| 11 | Chevayur | 1,52,100.00 |
| 12 | Chippilithode | 10,000.00 |
| 13 | Chundathumpoil | 21,000.00 |
| 14 | Devagiri | 49,500.00 |
| 15 | East Hill | 1,33,000.00 |
| 16 | Engapuzha | 3,150.00 |
| 17 | Erude | 24,250.00 |
| 18 | Kakkavayal | 53,570.00 |
| 19 | Kakkayam | 27,000.00 |
| 20 | Kalikavu | 50,600.00 |
| 21 | Kallanode | 97,640.00 |
| 22 | Kallurutty | 46,000.00 |
| 23 | Kannoth | 1,11,580.00 |
| 24 | Karikandanpara | 23,480.00 |
| 25 | Karimbu | 10,000.00 |
| 26 | Karingad | 10,650.00 |
| 27 | Kariyathumpara | 20,000.00 |
| 28 | Karuvarakundu | 51,650.00 |
| 29 | Kattangal | 14,100.00 |


| | | |
|---|---|---|
| 30 | Kattipara | 39,650.00 |
| 31 | Kattullamala | 22,530.00 |
| 32 | Kodanchery | 1,70,320.00 |
| 33 | Konoorkandy | 6,100.00 |
| 34 | Koodathai | 69,000.00 |
| 35 | Koomamkulam | 34,300.00 |
| 36 | Koomully | 12,500.00 |
| 37 | Koorachundu | 2,28,215.00 |
| 38 | Kottackal | 32,250.00 |
| 39 | Kulathuvayal | 47,740.00 |
| 40 | Kuliramutty | 15,000.00 |
| 41 | Kundayithode | 27,000.00 |
| 42 | Kunduthode | 60,000.00 |
| 43 | Kunnamangalam | 65,600.00 |
| 44 | Kuppayakode | 50,300.00 |
| 45 | Mailellampara | 24,950.00 |
| 46 | Malaparamba | 82,500.00 |
| 47 | Malappuram | 50,000.00 |
| 48 | Manjakadave | 17,580.00 |
| 49 | Manjakunnu | 35,350.00 |
| 50 | Mankada | 6,000.00 |
| 51 | Mankave | 65,750.00 |
| 52 | Maramchatty | 30,000.00 |
| 53 | Mariapuram | 1,60,901.00 |
| 54 | Maruthomkara | 83,680.00 |
| 55 | Mavoor | 32,000.00 |
| 56 | Mukkam | 91,750.00 |
| 57 | Muthappanpuzha | 20,200.00 |
| 58 | Narinada | 19,000.00 |
| 59 | Nooramthode | 24,910.00 |
| 60 | Oorakam | 20,000.00 |
| 61 | Padathukadave | 80,000.00 |
| 62 | Pallorkkothu | 10,000.00 |
| 63 | Panamplave | 25,000.00 |
| 64 | Pandalloor | 41,550.00 |

| | | |
|---|---|---|
| 65 | Parappanaggadi | 8,500.00 |
| 66 | Parathode | 6,550.00 |
| 67 | Passukadave | 49,450.00 |
| 68 | Pathippara | 11,500.00 |
| 69 | Pathirikode | 20,000.00 |
| 70 | Payyanad | 10,750.00 |
| 71 | Payyanad | 1,450.00 |
| 72 | Payyanad | 16,000.00 |
| 73 | Pedikappara | 5,800.00 |
| 74 | Perambra | 58,050.00 |
| 75 | Perinthalmanna | 1,04,950.00 |
| 76 | Poilomchal | 17,000.00 |
| 77 | Poothampara | 40,025.00 |
| 78 | Poovaramthode | 13,200.00 |
| 79 | Poozhithode | 33,300.00 |
| 80 | PT Chacko Nagar | 6,210.00 |
| 81 | Pulloorampara | 1,69,500.00 |
| 82 | Pushpagiri | 31,180.00 |
| 83 | Puthuppady | 23,100.00 |
| 84 | Thalayad | 25,000.00 |
| 85 | Thamarassery | 1,36,500.00 |
| 86 | Thazhekode | 38,000.00 |
| 87 | Thekkumkutty | 29,710.00 |
| 88 | Thenjipalam | 45,000.00 |
| 89 | Theyyappara | 13,800.00 |
| 90 | Thiruvambady | 1,72,000.00 |
| 91 | Thottumukkam | 95,630.00 |
| 92 | Tirur | 38,201.00 |
| 93 | Vadakara | 5,000.00 |
| 94 | Valamboor | 12,300.00 |
| 95 | Valillapuzha | 39,000.00 |
| 96 | Valiyakolly | 18,000.00 |
| 97 | Valliyadu | 5,000.00 |
| 98 | Valook (Marigiri) | 20,000.00 |
| 99 | Vaniambalam | 24,050.00 |
| 100 | Vayalada | 5,900.00 |

| | | |
|---|---|---|
| 101 | Venappara | 80,000.00 |
| 102 | Vendakkumpoil | 6,000.00 |
| 103 | Vettathur | 5,000.00 |
| 104 | Vettilappara | 67,670.00 |
| 105 | Vilakkamthode | 35,250.00 |
| 106 | S H Kallanode | 2,000.00 |
| 107 | S H Kulathuvayal | 1,000.00 |
| 108 | S H Kuttipuram | 1,000.00 |
| 109 | S H Mankave | 3,000.00 |
| 110 | C M C Kalkundu | 1,000.00 |
| 111 | C M C Karuvarakundu | 1,000.00 |
| 112 | C M C Mukkom | 1,000.00 |
| 113 | C M C Muthukad | 1,000.00 |
| 114 | C M C Poilomchal | 1,000.00 |
| 115 | C M C Thekkumkutty | 1,000.00 |
| 116 | C M C Thenjippalam | 1,000.00 |
| 117 | C M C Thiruvambady | 10,000.00 |
| 118 | C M C Thottumukkom | 2,000.00 |
| 119 | F C C Thamarassery (Snehanivas) | 1,000.00 |
| 120 | F C Convent Easthill | 1,000.00 |
| 121 | F C Convent Erude | 1,000.00 |
| 122 | F C Convent Kundayithode | 500.00 |
| 123 | F C Convent Poothampara | 1,000.00 |
| 124 | S A B S Karingad | 500.00 |
| 125 | MSMI Nooramthode (Christ the King) | 1,000.00 |
| 126 | MSMI Pervannamuzhy (Vimala) | 1,000.00 |
| 127 | MSMI Poozithode | 1,500.00 |
| 128 | M S J Thamarassery (Yesu Bhavan) | 1,000.00 |
| 129 | S F N Cheerattamala | 1,000.00 |
| 130 | S F N Chippilithodu | 1,000.00 |
| 131 | S F N Marikunnu | 500.00 |
| 132 | S F N Puthupady | 2,000.00 |
| 133 | O S L Kallanode (St.Aloysius Convent) | 1,000.00 |
| 134 | O S L Mankave (St Aloysius) | 3,000.00 |
| 135 | D S T Valanchery | 1,000.00 |
| 136 | D H M Kondotty (Nirmala Bhavan) | 3,000.00 |

| | | |
|---|---|---|
| 137 | F M A Kunnamangalam | 10,000.00 |
| 138 | D M Convent Pathirikode | 2,000.00 |
| 139 | M S A Venappara | 3,000.00 |
| 140 | I M A Peruvayal (Kripanjali) | 3,000.00 |
| 141 | SD Pullooramparа | 1,000.00 |
| 142 | SJSM Kakkavayal (St.Josephs) | 1,500.00 |
| 143 | S K D Poovaramthode | 500.00 |
| 144 | B S Chempanoda | 2,000.00 |
| 145 | Gift & Donation | 8,000.00 |
| 146 | F.C.C Nainada | 1,000.00 |
| 147 | St.Joseph Cloistered Monastery Kakkadampoil | 1,000.00 |
| 148 | M L F Kodanchery | 1,000.00 |
| 149 | CSS -Vettathu | 1,000.00 |
| | **Total** | **47,88,622.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ



# അജപാലനക്കുറിപ്പുകൾ

## സെപ്റ്റംബർ

2 രാവിലെ, ദേവഗിരി ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

4 രാവിലെ, താമരശ്ശേരി കത്തീഡ്രലിൽ ശ്രീ. ടോമി പൈനാടത്തിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

5 വൈകുന്നേരം, ദീപിക പെരിന്തൽമണ്ണ മേഖലാ പ്രൊമോട്ടേഴ്സ് ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ഏ.കെ.സി.സി. വനിതാ വിഭാഗം മീറ്റിംഗ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

എട്ടു നോമ്പാചരണത്തോടനുബന്ധിച്ച് തിരുഹൃദയത്തണൽ ഓൺലൈൻ കൂട്ടായ്മ നടത്തിയ നൊവേനയ്ക്ക് നേതൃത്വം നൽകി.

6 രാവിലെ, കത്തീഡ്രൽ ഇടവക ദൈവാലയത്തിൽ മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന്റെ ഒന്നാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നേതൃത്വം നൽകിയ വിശുദ്ധ കുർബാനയിൽ, കോഴിക്കോട് രൂപതാ ബിഷപ്പ് മാർ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനോടൊപ്പം സംബന്ധിച്ചു. തുടർന്ന് രൂപതാ ഭവനിൽ നടത്തിയ മരണവാർഷിക തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന്റെ അനുസ്മരണാർത്ഥം നടത്തിയ വെബിനാറിൽ പങ്കെടുത്ത് ആമുഖ പ്രഭാഷണം നടത്തി.

7 രാവിലെ, മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന്റെ ഒന്നാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് തൃശൂർ മറ്റം ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം, ഉപരിപഠനത്തിനായി റോമിലേക്ക് പോകുന്ന ഫാ. ചാക്കോ കോതാനിക്കലിനും ബ്രദർ ബിനു പരയ്ക്കലിനും രൂപതാഭവനിൽ നൽകിയ യാത്രയയപ്പ് മീറ്റിംഗിൽ പങ്കെടുത്തു.

എ.കെ.സി.സി. ഓൺലൈനായി നടത്തിയ ഗ്ലോബൽ എക്സിക്യൂട്ടീവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

8 രാവിലെ, ഈരൂട് ഇടവകയിൽ എഫ്.സി.സി. സന്യാസിനി സമൂഹം പുതുതായി പണികഴിപ്പിച്ച കപ്പേളയും അൾത്താരയും കൂദാശചെയ്യുകയും ഭവനം വെഞ്ചരിച്ച് വിശുദ്ധ കുർബാനയർപ്പിക്കകുയും ചെയ്തു.

വൈകുന്നേരം, ദേവഗിരി ഇടവക ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് വിശുദ്ധ കുർബാനയർപ്പിച്ചു.

9 രാവിലെ, കക്കാടംപൊയിൽ സി.എം.ഐ. സന്യാസ ആശ്രമത്തിലെ അൾത്താര കൂദാശ ചെയ്ത് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പുതുതായി പണി കഴിപ്പിച്ച കപ്പേള വെഞ്ചരിക്കുകയും പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിക്കുകയും ചെയ്തു.

10 രാവിലെ, താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിൽ കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വൈദികവിദ്യാർഥികൾക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

താമരശ്ശേരി രൂപത ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രിക്കൾച്ചർ എത്തിക്സ് (ഐ.എഫ്.എ.ഇ) എന്ന സ്ഥാപനത്തിന്റെ ഓൺലൈനായി നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ദീപിക ഫൊറോന ഡയറക്ടർമാരുടെ ഓൺലൈനായി നടന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

11 രാവിലെ, പബ്ലിക് അഫയേഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വെബിനാറിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്ത് സംസാരിച്ചു.

റീജൻസി ബ്രദേഴ്സിനെ രൂപതാഭവനിൽ സ്വീകരിച്ച് കൂടിക്കാഴ്ച നടത്തി.

12 രാവിലെ, പ്രീ-കാനാ കോഴ്സിൽ സംബന്ധിക്കുന്നവർക്ക് ഓൺലൈനായി ക്ലാസ്സെടുത്തു.

മാങ്കാവ് ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

13 രാവിലെ, കരികണ്ടൻപാറ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

14 രാവിലെ, പബ്ലിക് അഫയേഴ്സ് കോർ കമ്മിറ്റി ഓൺലൈനായി നടത്തിയ മീറ്റിംഗിൽ സംബന്ധിച്ചു.

15 രാവിലെ, മഞ്ഞുവയൽ ഇടവക ദേവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

16 രാവിലെ, മാനന്തവാടി രൂപതയിലെ പാടിച്ചിറ ഇടവക ദൈവാലയത്തിൽ ഒരു കുട്ടിയുടെ ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

പാടിച്ചിറ ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു.

17 രാവിലെ, ഊരകം അൽഫോൻസാ സ്കൂളിൽ വെച്ച് നടന്ന ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം, മതബോധന ഡിപ്പാർട്ട്മെൻറ് പ്രസിദ്ധീകരിച്ച പുസ്തകവുമായി ബന്ധപ്പെട്ട വിവാദങ്ങൾ അവസാനിപ്പിക്കുന്നതിനായി മുസ്ലിം – ക്രിസ്ത്യൻ സമുദായത്തിലെ നേതാക്കന്മാരുമായി ചർച്ച നടത്തി.

18 രാവിലെ, താമരശ്ശേരിയിൽ സംഘടനാ പ്രതിനിധികളുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

പ്രസന്റേഷൻ സന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സി. ആൻസിയെയും ടീമംഗങ്ങളെയും രൂപതാ ഭവനിൽ സ്വീകരിച്ച് കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, പ്രതിപക്ഷനേതാവ് വി.ഡി. സതീശനെ രൂപതാ ഭവനിൽ സ്വീകരിച്ച് കൂടിക്കാഴ്ച നടത്തി.

19 രാവിലെ, പയ്യനാട് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

ജീസസ് യൂത്ത് കോഴിക്കോട് സോൺ ഓൺലൈനായി സംഘടിപ്പിച്ച 'എന്റെ ഇടവക പദ്ധതി' ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ദീപിക പ്രൊമോട്ടേഴ്സ് മീറ്റിംഗ് ഓൺലൈനായ ഉദ്ഘാടനം ചെയ്തു.

20 രാവിലെ, ചുണ്ടത്തും പൊയിൽ ഇടവക ദൈവാലയത്തിൽ പരേതനായ ശ്രീ ജോൺ പൊന്മലക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

21 രാവിലെ, രൂപതാ ഭവനിൽ വി. മത്തായി ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പബ്ലിക് അഫയേഴ്സ് കമ്മറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

22 രാവിലെ, രൂപത പബ്ലിക് അഫയേഴ്സ് കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, കോഴിക്കോട് രൂപത മുൻ ബിഷപ്പ് ആൽദോ മരിയ പത്രോണി അനുസ്മരണ സെമിനാറിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

സീറോ-മലബാർ പബ്ലിക് അഫയേഴ്സ് കമ്മിറ്റി സംഘടിപ്പിച്ച അല്മായ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

23 രാവിലെ, താമരശ്ശേരി സെൻറ് അൽഫോൻസാ മൈനർ സെമിനാരി കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് വൈദിക വിദ്യാർഥികൾക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

വലിയകൊല്ലി ഇടവകയിൽ പരേതയായ ശ്രീമതി ശോശാമ്മ നെല്ലിക്കയത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, രൂപതാ ഭവനിലെ അംഗങ്ങൾക്കായി നടത്തിയ മാസധ്യാനത്തിൽ സംബന്ധിച്ചു.

24 രാവിലെ, രൂപതാ ഭവൻ കപ്പേളയിൽ രൂപതാഭവനിലെ അംഗങ്ങളോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ഇടവക ദൈവാലയത്തിൽ പരേതനായ പൈമ്പള്ളിൽ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ബഥാനിയ ധ്യാനകേന്ദ്രം സന്ദർശിച്ച് പ്രാർത്ഥന കൂട്ടായ്മ ലീഡേഴ്സിനെ അഭിസംബോധന ചെയ്തു.

25 രാവിലെ, തിരുവമ്പാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കായി വിശുദ്ധ കുർബാനയർപ്പിച്ചു.

താമരശ്ശേരി രൂപത പുതുതായി ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രിക്കൾച്ചർ എത്തിക്സിന്റെ (ഐ.എഫ്.എ.ഇ) ഓൺലൈനായി നടത്തിയ ഉദ്ഘാടനസമ്മേളനത്തിന് അദ്ധ്യക്ഷതവഹിച്ച സീറോ മലബാർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരിക്കും ഉദ്ഘാടനം ചെയ്ത കേരള മുഖ്യമന്ത്രി

ശ്രീ. പിണറായി വിജയനും കൃഷിമന്ത്രി ശ്രീ. പി. പ്രസാദിനും വിശിഷ്ട വ്യക്തികൾക്കും പങ്കെടുത്ത മറ്റ് അതിഥികൾക്കും സ്വാഗതം ആശംസിച്ച് സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി പ്രേഷിതാരാം സന്യാസിനീ സമൂഹത്തിന്റെ പുതുക്കിപ്പണിത പ്രസ്സിന്റെ കെട്ടിടവും പുതിയ പ്രിന്റിങ്ങ് ഉപകരണങ്ങളുടെ വെഞ്ചരിപ്പുകർമ്മവും നിർവ്വഹിച്ചു.

26 3 മണിക്ക് സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ പാറോപ്പടി കോൺഫറൻസ് ആരംഭിക്കുന്ന 'ഒസ്സാനാം എഡ്യുക്കേഷണൽ എയ്ഡ്' എന്ന പ്രൊജക്ട് ഒരു കുട്ടിക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കൂരാച്ചുണ്ട് ഇടവകയിൽ ഒരു കുട്ടിയുടെ ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

27 രാവിലെ, താമരശ്ശേരി ആരാധനാ പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് കോഴിക്കോട് ദേവഗിരി വിൻസെന്റഗിരി കോൺവെന്റ് ചാപ്പലിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

28 രാവിലെ, കത്തീഡ്രൽ ഇടവകയിൽ അന്നമ്മ മുണ്ടനാട്ടിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.


താമരശ്ശേരി മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽവച്ച് നടന്ന മിഷൻലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലി രൂപതാ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

29 രാവിലെ, സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുന്നാളിനോടനുബന്ധിച്ച് താമരശ്ശേരി പ്രേഷിതാരാം സന്യാസിനീ ഭവന കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

കെ.സി.ബി.സി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

30 രാവിലെ, സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുന്നാളിനോടനുബന്ധിച്ച് താമരശ്ശേരി ചാവറ ഭവൻ കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുന്നാളിനോടനുബന്ധിച്ച് രൂപതാഭവനിൽ നടത്തിയ ആഘോഷങ്ങളിൽ പങ്കെടുത്തു.



## വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദെ'യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace… Yes, all that is true enough, but it is also a matter of humility, of realizing that we need God… all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents....praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. ...They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well… True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-09-2021 |




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.